കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

# ചാലിയാർ ഗ്രാമപഞ്ചായത്ത് ഓഡിറ്റ് റിപ്പോർട്ട്

2018-19


കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം

e-mail: dompm.ksad@kerala.gov.in


(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ട് സഹിതം)

നം.കെ.എസ്.എ.എം.പി.എം.5/458/2020

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം

തിയ്യതി 24/04/2020

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് / സെക്രട്ടറി മുഖേന

ചാലിയാർ ഗ്രാമ പഞ്ചായത്ത്

സർ,

വിഷയം : ചാലിയാർ ഗ്രാമപഞ്ചായത്ത് - 2018-19 സാമ്പത്തിക വർഷത്തിലെ ഓഡിറ്റ് റിപ്പോർട്ട് –സംബന്ധിച്ച്

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ചാലിയാർ ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തികവർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23 (1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1). ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം. (ഉപരിപത്രം സഹിതം)

2). പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, മലപ്പുറം.
3). പഞ്ചായത്ത് അസിസ്റ്റന്റ് ഡയറക്ടർ, മലപ്പുറം.
4). കാര്യാലയ പകർപ്പ്.

നം. കെ.എസ്.എ.എം.പി.എം.5/458/2020

തിയ്യതി: 24/04/2020.

<u>മലപ്പുറം ജില്ലയിലെ ചാലിയാർ ഗ്രാമ പഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തിലെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.</u>

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

മലപ്പുറം ജില്ലയിലെ ചാലിയാർ ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 05.07.2018 മുതൽ 24.02.2020 തിയ്യതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണ കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 20 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 7 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

ഓഡിറ്റ് നടത്തിയതിന്റെ വിവരം

-------------------------------------------------------------------------------------

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ :ശ്രീ.അജിത്.ആർ , ഡപ്യൂട്ടി ഡയറക്ടർ

-------------------------------------------------------------------------------------

ഓഡിറ്റിന് വിനിയോഗിച്ച സമയം : 25.02.2020 മുതൽ 05.03.2020 വരെ

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ

| | |
|---|---|
| ശ്രീ. അബ്ദുൾ ജലീൽ.ടി.പി | ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ) |
| ശ്രീ. വേലായുധൻ.കെ.ജി | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| ശ്രീ.രാമകൃഷ്ണൻ | സീനിയർ ഗ്രേഡ് ഓഡിറ്റർ |
| ശ്രീ.റഷീദ്.വി | ഓഡിറ്റർ |

ബി ) നിർവഹണാധികാരികൾ

പ്രസിഡന്റ്

| | |
|---|---|
| ശ്രീ. പി.ടി.ഉസ്മാൻ | 01.04.2018 മുതൽ 31.03.2019 വരെ |

സെക്രട്ടറി

| | |
|---|---|
| ശ്രീ.സിദ്ധിക് വടക്കൻ | 01.04.2018 മുതൽ 31.03.2019 വരെ |

നിർവഹണ ഉദ്യോഗസ്ഥർ

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| സെക്രട്ടറി | ശ്രീ.സിദ്ധിക് വടക്കൻ | 01.04.2018 മുതൽ 31.03.2019 വരെ |
| അസിസ്റ്റന്റ് സെക്രട്ടറി | ശ്രീ. നൗഷാദലി. ഡി. | 01.04.2018 മുതൽ 31.03.2019 വരെ |
| അസിസ്റ്റന്റ് എഞ്ചിനിയർ | ശ്രീമതി. ഹസീന.എൻ.കെ | 01.04.2018 മുതൽ 16.07.2018 വരെ |
| | ശ്രീമതി. ഷംന.എം | 17.07.2018 മുതൽ 16.10.2018 വരെ |
| | ശ്രീ.ഫ്രാൻസിസ്.എ.ഫെർണാണ്ടസ് | 17.10.2018 മുതൽ 21.12.2018 വരെ |
| | ശ്രീമതി. അംബിക.വി.കെ | 22.12.2018 മുതൽ 31.03.2019 വരെ |
| വെറ്ററിനറി സർജൻ | ഡോ. നിഖിൽ റോഷ്.എ.എസ്. | 01.04.2018 മുതൽ 31.03.2019 വരെ |
| മെഡിക്കൽ ഓഫീസർ (ആയുർവേദം) | ഡോ. ബീന. | 01.04.2018 മുതൽ 31.03.2019 വരെ |
| ഹെഡ്മാസ്റ്റർ | ശ്രീ.മുരളി.സി | 01.04.2018 മുതൽ 31.03.2019 വരെ |
| മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) | ഡോ.അനൂപ്.ടി.എൻ | 01.04.2018 മുതൽ 31.03.2019 വരെ |
| മെഡിക്കൽ ഓഫീസർ (ഹോമിയോ) | ഡോ.സിന്ധ്യ. പി. | 01.04.2018 മുതൽ 31.03.2019 വരെ |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | ശ്രീമതി. അസ്മാബി.പി. | 01.04.2018 മുതൽ 06.07.2018 വരെ |
| | ശ്രീമതി. ജാസ്മിൻ.സി.ടി.പി. | 07.07.2018 മുതൽ 31.03.2019 വരെ |

| | | |
|---|---|---|
| കൃഷി ഓഫീസർ | ശ്രീ. ഉമ്മർകോയ.റ്റി | 01.04.2018 മുതൽ 31.03.2019 വരെ |
| വി.ഇ.ഒ | ശ്രീ. മുജീബ് റഹ്മാൻ.കെ.വി | 01.04.2018 മുതൽ 08.11.2019 വരെ |
| | ശ്രീ. നിജാഷ്.എ | 08.11.2018 മുതൽ 31.03.2019 വരെ |

<u>ഉള്ളടക്കം</u>


| ക്രമ നം. | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക | 1-2 |
| 3 | സാമ്പത്തിക വിശകലനം | 1-3 |
| 4 | ഫണ്ട് വിനിയോഗം | 1-4 |
| 5 | പദ്ധതി അവലോകനം | 1-5 |
| 6 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 7 | ക്ഷേമ പദ്ധതികൾ | 1-7 |
| 8 | ക്യാഷ് വെരിഫിക്കേഷൻ | 1-8 |
| 9 | ആഭ്യന്തര നിയന്ത്രണം | 1-9 |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 11 | വാർഷിക കണക്കുകളിലെ അപാകതകൾ. | 1-11 |
| 12 | ലൈസൻസ് അപേക്ഷകളിൻ മേൽ ഫീസ് ഈടാക്കിയതിന്റെ മാനദണ്ഡം വ്യക്തമല്ല. | 1-12 |
| 13 | ഫുട്ബോൾ ടർഫ് നിർമ്മാണത്തിന് ഭൂവികസന പെർമിറ്റ് അനുവദിച്ചതിന്റെ വിവരങ്ങൾ ലഭ്യമാക്കിയില്ല. | 1-13 |
| 14 | വസ്തുനികുതി നിർണ്ണയത്തിലെ അപാകത. | 1-14 |
| 15 | പി.എച്ച്.സി, പാലിയേറ്റീവ് കെയർ എന്നിവയ്ക്ക് മരുന്ന് വാങ്ങൽ - മരുന്ന് ലഭ്യമായിട്ടില്ല. | 1-15 |
| 16 | ശമ്പള വർദ്ധനവിനനുപാതികമായി പെൻഷൻ കോൺട്രിബ്യൂഷൻ അടവാക്കിയില്ല. | 1-16 |
| 17 | വീട് വാസയോഗ്യമാക്കൽ - പട്ടികജാതി /പട്ടികവർഗ്ഗ വകുപ്പിൽ നിന്നുള്ള സാക്ഷ്യപത്രം ലഭ്യമാക്കിയില്ല. | 1-17 |
| 18 | ലൈഫ് ഭവനപദ്ധതി - അഡ്വാൻസ് കൈപ്പറ്റിയതിനു ശേഷം ഭവനനിർമ്മാണം ആരംഭിച്ചില്ല. | 1-18 |
| 19 | ലൈഫ് ഭവനം- കരാർ രജിസ്ട്രേഷൻ നടത്തിയില്ല. | 1-19 |

| | | |
|---|---|---|
| 20 | പശു പരിപാലന പദ്ധതി -ഗുണഭോക്താവുമായി കരാർ ചമച്ചില്ല. | 1-20 |
| 21 | കാർഷിക പ്രവർത്തനങ്ങളിൽ തൊഴിലുറപ്പ് പദ്ധതിയുടെ സാധ്യത പ്രയോജനപ്പെടുത്തുന്നില്ല. | 1-21 |
| 22 | Top belt കോൺക്രീറ്റിനുള്ള ഫോം വർക്കിന് അധികനിരക്ക് അനുവദിച്ചു. നഷ്ടം 14791/-രൂപ. | 1-22 |
| 23 | ഡ്രൈനേജ് സൈഡ് വാളിന്റെ കോൺക്രീറ്റിനുള്ള ഫോം വർക്കിന് അധികനിരക്ക് അനുവദിച്ചു. നഷ്ടം 89799/-രൂപ | 1-23 |
| 24 | ഇ-ടെണ്ടർ പ്രവൃത്തികളുടെ ടെണ്ടർ ഫോറം വില: വിശദാംശം ലഭ്യമല്ല. | 1-24 |
| 25 | ചെയ്യാത്ത പ്രവൃത്തിക്ക് തുക നൽകി; നഷ്ടം 6797 രൂപ. | 1-25 |
| 26 | പ്രവൃത്തി വൈകിപൂർത്തിയാക്കിയതിന് പിഴ ഈടാക്കിയില്ല. നഷ്ടം 32335 രൂപ. | 1-26 |
| 27 | ഗുണഭോക്തൃസമിതി മുഖേന നിർവ്വഹണം നടത്തിയ മരാമത്ത് പ്രവൃത്തിയുടെ ബില്ലിൽ നിന്നും 5% കുറവ് ചെയ്തില്ല. നഷ്ടം 49563/-രൂപ | 1-27 |
| 28 | എസ്റ്റിമേറ്റ് പ്രകാരമല്ലാത്ത പ്രവൃത്തി ചെയ്തതിന് തുക നൽകിയത് ക്രമവിരുദ്ധം. | 1-28 |
| 29 | സിംഗിൾ സെക്ഷൻ പ്രവൃത്തിക്ക് ട്രസ്സ് വർക്കിനുള്ള നിരക്ക് നൽകി; നഷ്ടം 8889 രൂപ | 1-29 |
| 30 | പണിസ്ഥലത്തുനിന്ന് പൊളിച്ചുമാറ്റിയ സാധനങ്ങൾ പുനരുപയോഗിച്ചില്ല/ ലേലം ചെയ്തില്ല. | 1-30 |
| 31 | അംഗനവാടികൾ- അടിസ്ഥാന സൗകര്യം മെച്ചപ്പെടുത്തേണ്ടതാണ് | 1-31 |
| | ഭാഗം 2 | |
| | ഇല്ല. | |
| | ഭാഗം 3 | |
| 32 | Top belt കോൺക്രീറ്റിനുള്ള ഫോം വർക്കിന് അധികനിരക്ക് അനുവദിച്ചു. നഷ്ടം 14943/-രൂപ. | 3-1 |
| 33 | ഡ്രൈനേജ് സൈഡ് വാളിന്റെ കോൺക്രീറ്റിനുള്ള ഫോം വർക്കിന് അധികനിരക്ക് അനുവദിച്ചു. നഷ്ടം 90524/-രൂപ | 3-2 |
| 34 | ചെയ്യാത്ത പ്രവൃത്തിക്ക് തുക നൽകി; നഷ്ടം 6797 രൂപ. | 3-3 |
| 35 | ഗുണഭോക്തൃസമിതി മുഖേന നിർവ്വഹണം നടത്തിയ മരാമത്ത് പ്രവൃത്തിയുടെ ബില്ലിൽ നിന്നും 5% കുറവ് ചെയ്തില്ല. | 3-4 |
| 36 | സിംഗിൾ സെക്ഷൻ പ്രവൃത്തിക്ക് ട്രസ്സ് വർക്കിനുള്ള നിരക്ക് നൽകി; നഷ്ടം 8889 രൂപ | 3-5 |
| | ഭാഗം 4 | |
| 37 | സംയുക്ത പദ്ധതികൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |

| | | |
|---|---|---|
| 38 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 39 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-3 |
| 40 | വായ്പ/ വായ്പ തിരിച്ചടവ് | 4-4 |
| 41 | സ്ഥിരനിക്ഷേപങ്ങൾ | 4-5 |
| 42 | ഓഡിറ്റ് റിക്കവറി | 4-6 |
| 43 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിശദാംശം | 4-7 |
| 44 | ചാർജ് /സർചാർജ് നടപടികളുടെ വിവരം | 4-8 |
| 45 | ഓഡിറ്റ് പ്രത്യവലോകനം | 4-9 |
| 46 | തീർപ്പാക്കുവാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-10 |
| | അനുബന്ധം | |
| 47 | ഓഡിറ്റ് സാക്ഷ്യപത്രം | |


# ഭാഗം -1
# ഓഡിറ്റ് റിപ്പോർട്ട്.

## 1-1 ബജറ്റ്.

2018-19 ലെ ബജറ്റ് 26.03.2018 ലെ 1(1)-ാം നമ്പർ തീരുമാനപ്രകാരവും പുതുക്കിയ ബജറ്റ് 13.02.2019 ലെ 2(1)-ാം നമ്പർ തീരുമാനപ്രകാരവും അംഗീകരിച്ചു.

## 1-2 വാർഷിക ധനകാര്യ പത്രിക.

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31-07-2019 | 26.04.2019 | - | - |

## 1-3 സാമ്പത്തിക വിശകലനം.

| | |
|---|---|
| മുന്നിരിപ്പ് | 6651371 |
| വരവ് | 88727693 |
| ആകെ | 95379064 |
| ചെലവ് | 81829880 |
| നീക്കിയിരുപ്പ് | 13549184 |

## 1-4 ഫണ്ട് വിനിയോഗം.

| ഫണ്ടിനം | മുൻ ബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | ബാക്കി |
|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 0 | 20304000 | 20304000 | 18449313 | 1854687 |

| | | | | | | |
|---|---|---|---|---|---|---|
| വികസനഫണ്ട് എസ്.സി.പി. | | 0 | 3749000 | 3749000 | 3192125 | 556875 |
| വികസനഫണ്ട് ടി.എസ്.പി. | | 0 | 4571000 | 4571000 | 4405453 | 165547 |
| സംരക്ഷണഗ്രാന്റ് റോഡ് | | 0 | 11935000 | 11935000 | 10677087 | 1257913 |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | | 0 | 4034000 | 4034000 | 3335519 | 698481 |
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് | | 0 | 9423000 | 9423000 | 7557340 | 1865660 |
| സാക്ഷരത | | 18182 | 38718 | 56900 | 38718 | 18182 |
| എൻ. ആർ. ഇ. ജി.എസ്. | | 67344 | 173278 | 240622 | 212996 | 27626 |
| ജോയന്റ്വെഞ്ചർ അക്കൗണ്ട് | ബ്ലോക്ക് പഞ്ചായത്ത് | 54400 | 3404856 | 3459256 | 2661846 | 797410 |
| | ജില്ലാപഞ്ചായത്ത് | 500000 | 2143298 | 2643298 | 2317190 | 326108 |
| ബി. ഫണ്ട് | | 0 | 431660 | 431660 | 431660 | 0 |
| ജലനിധി | | 1162510 | 47202 | 1209712 | 0 | 1209712 |
| സാനിറ്റേഷൻ | | 1368220 | 233421 | 1601641 | 0 | 1601641 |
| അമ്പുമല ടി.എസ്.പി. | | 123258 | 6262 | 129520 | 0 | 129520 |
| പശ്ചിമഘട്ട പദ്ധതി | | 87618 | 3504 | 91122 | 0 | 91122 |

## 1-5 പദ്ധതി അവലോകനം.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് | അടങ്കൽ | നടപ്പാക്കിയത് | ചെലവഴിച്ച തുക | ഭാഗികമായി നടപ്പാക്കിയത് | നടപ്പാക്കാത്തവ | പൂർത്തീകരിച്ച പദ്ധതികളുടെ ശതമാനം |
|---|---|---|---|---|---|---|
| 194 | 103395391 | 125 | 67414040 | 19 | 50 | 62.2 % |

<u>പൂർത്തിയാക്കാതെ ഉപേക്ഷിക്കപ്പെട്ട പദ്ധതികൾ.</u>

ഇല്ല.

## 1-6 തൊഴിലുറപ്പ് പദ്ധതി.

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 67344 | 173278 | 240622 | 212996 | 27626 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത്. | 0 | 18097000 | 18097000 | 18097000 | 0 |
| ആകെ | 67344 | 18270278 | 18337622 | 18309996 | 27626 |

## 1-7 ക്ഷേമപദ്ധതികൾ.

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമപദ്ധതികളുടെ വിശദാംശങ്ങൾ

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിതവേതനം | 216360 | 116 |
| കർഷകതൊഴിലാളിപെൻഷൻ | 4907200 | 367 |
| വിധവാപെൻഷൻ | 11862800 | 942 |
| വാർദ്ധക്യകാലപെൻഷൻ | 14174000 | 1111 |
| വികലാംഗപെൻഷൻ | 3722000 | 298 |
| 50 വയസിനുമുകളിലുള്ള അവിവാഹിതർക്കുള്ള പെൻഷൻ | 706800 | 54 |
| വിവാഹ ധനസഹായം | 180000 | 6 |

# 1-8 ക്യാഷ് വേരിഫിക്കേഷൻ.

1994ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 6(4) പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 25.02.2020 ന് സ്ഥാപനത്തിലെ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തി. 10,569/- രൂപ നീക്കിയിരിപ്പിന്റെ കൃത്യത പരിശോധിച്ച് ബോധ്യപ്പെട്ടു.

# 1-9 ആഭ്യന്തര നിയന്ത്രണം.

1)തനത് വരുമാനം വർദ്ധിപ്പിക്കുന്നതിനായി പുതിയ വരുമാന സ്രോതസ്സുകൾ കണ്ടെത്തുന്നതിനും ചുമത്തുന്നതിനും ആവശ്യമായ നടപടി സ്വീകരിച്ചിട്ടില്ല.

2) ജീവനക്കാർ പേഴ്സണൽ രജിസ്റ്റർ സൂക്ഷിക്കുന്നില്ല. ബാക്ക് ഓഫീസ് സംവിധാനവും ഫലപ്രദമല്ല.

3) ഇ-ടെണ്ടർ നടപടികളിലൂടെ നിലവിൽ എൽ എസ് ജി ഡി ഡിവിഷൻ എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ ബാങ്ക് അക്കൗണ്ടിൽ ക്രഡിറ്റ് ചെയ്ത ടെണ്ടർ ഫോറം വില ഗ്രാമപഞ്ചായത്ത് ഫണ്ടിലേക്ക് ലഭ്യമാക്കാൻ നടപടിയുണ്ടായിട്ടില്ല.

4) കംപ്യൂട്ടർ,അനുബന്ധ ഉപകരണങ്ങൾ എന്നിവക്ക് പ്രത്യേക സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിക്കുന്നില്ല.

5) വാർഷിക പദ്ധതി രൂപീകരണത്തിന്റെ ഭാഗമായി പഞ്ചായത്ത് തല ആസൂത്രണ സമിതി, വർക്കിംഗ് ഗ്രൂപ്പുകൾ ഉൾപ്പെടെയുള്ളവ കാര്യക്ഷമമായി പ്രവർത്തിക്കാൻ മേൽ നോട്ട ചുമതലയുള്ള സ്റ്റാന്റിംഗ് കമ്മറ്റികളുടെ പ്രവർത്തനം കാര്യക്ഷമമല്ല. വർക്കിംഗ് ഗ്രൂപ്പുകൾ തയ്യാറാക്കുന്ന സ്റ്റാറ്റസ് റിപ്പോർട്ടുകളുടെ കൃത്യത പരിശോധിക്കേണ്ടതും നിർദ്ദേശിക്കപ്പെടുന്ന പ്രോജക്ട് ആശയങ്ങൾ നടപ്പിലാക്കുന്നുവെന്ന് ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മറ്റികൾ ഉറപ്പുവരുത്തേണ്ടതുമാണ്.

6).പഞ്ചായത്തിന്റെ പൊതുമരാമത്ത് പ്രവൃത്തികളിൽ അധികവും വികസന സ്ഥിരം സമിതിയുടെ ശുപാർശയുടെ അടിസ്ഥാനത്തിലാണ് അംഗീകാരം ലഭിക്കുന്നതും നിർവ്വഹണ ഘട്ടങ്ങൾ പൂർത്തിയാക്കേണ്ടതും.വാർഷിക പദ്ധതി നിർദേശങ്ങൾ നൽകുക എന്നതിലുപരിയായി പ്രോജക്ടുകളുടെ ജയപരാജയങ്ങൾ വിലയിരുത്തുന്നതിൽ സ്ഥിരം സമിതികളുടെ ഇടപെടൽ പരിമിതമാണ് എന്ന് മിനുട്സിൽ നിന്ന് വ്യക്തമാവുന്നു .

ഓഡിറ്റ് കാലയളവിൽ വികസന കാര്യസ്ഥിരം സമിതി പന്ത്രണ്ട് തവണ യോഗം ചേർന്നിട്ടുണ്ട്. പ്രോജക്ടുകളുടെ പൊതുവായ വിലയിരുത്തൽ/പദ്ധതി അവലോകനം നടത്തുന്നതായി മിനുട്സിൽ

രേഖപ്പെടുത്തുന്നുണ്ട്. എന്നാൽ പ്രത്യേകമായി ഒരു പ്രോജക്ടിനെ കുറിച്ചും വിലയിരുത്തൽ നടത്തി തീരുമാനം രേഖപ്പെടുത്തുന്നതിൽ സ്ഥിരം സമിതി ശ്രദ്ധചെലുത്തിയിട്ടില്ല എന്ന് കാണുന്നു.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം.

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 09.12.2019 | 01.11.2019 മുതൽ 30.11.2019 വരെ | 09.12.2019 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | നടന്നിട്ടില്ല. | | |

## 1-11 വാർഷികകണക്കുകളിലെ അപാകതകൾ.

1). വാർഷിക കണക്ക് പ്രകാരം വസ്തുനികുതി ഡിമാന്റ് തുകയെക്കാൾ കളക്ഷൻ ലഭിച്ചതായി കാണുന്നു. വിശദവിവരങ്ങൾ താഴെകൊടുക്കുന്നു.

| | ഡിമാന്റ് (I-1) | കളക്ഷൻ (RP-43) | അധികമായി ലഭിച്ചത്. |
|---|---|---|---|
| Property Tax on Residential Buildings | 1279121 | 1293373 | 14252 |
| Property Tax on Non Residential Buildings | 940229 | 943920 | 3691 |

2). ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ലാത്തതിനാൽ, വാർഷിക കണക്ക് (B-11 Schedule) ആസ്തി രജിസ്റ്ററുമായി പൊരുത്തപ്പെടുന്നുണ്ടോ എന്ന് പരിശോധിക്കാൻ സാധിച്ചിട്ടില്ല.

3). വാർഷിക കണക്ക് പ്രകാരം ടെണ്ടർ ഫോറം വിലയായി 1,06,000/- രൂപ ലഭിച്ചിട്ടുണ്ട്. എന്നാൽ ടെണ്ടർ ഫോറം വിൽപ്പന സംബന്ധിച്ചുള്ള രജിസ്റ്റർ സൂക്ഷിച്ചിട്ടില്ലാത്തതിനാൽ ഈ തുകയുടെ ആധികാരികത പരിശോധിക്കാനായിട്ടില്ല.

4). ബാലൻസ് ഷീറ്റ് B-9 ഷെഡ്യൂളിൽ 2019 മാർച്ച് മാസത്തിലെ ശമ്പളവും അതുമായ ബന്ധപ്പെട്ട റിക്കവറികളുമാണ് ബാധ്യതയായി ഉൾപ്പെടുത്തേണ്ടത്. എന്നാൽ താഴെ പറയുന്ന ശീർഷകങ്ങളിൽ ഇപ്രകാരം രേഖപ്പെടുത്തിയ തുക മാർച്ചിലെ ശമ്പള ബിൽ പ്രകാരമുള്ള തുകയിൽ അധികരിക്കുന്നുണ്ട്.

| Head | Item | As per AFS | Actual (As per salary Bill) | Difference |
|---|---|---|---|---|
| 350110102 | Net Salary Payable | 321015 | 310699 | 10316 |

| | | | | |
|---|---|---|---|---|
| 350200103 | State Life Insurance | 4550 | 4375 | 175 |
| 350200199 | Other Recoveries from Employees (Contributory Pension) | 7302 | 6878 | 424 |

5). മുൻവർഷത്തെ വാർഷിക കണക്കിലെ അപാകതകൾ പരിഹരിച്ചിട്ടില്ല.

## 1-12 ലൈസൻസ് അപേക്ഷകളിൽ ഫീസ് ഈടാക്കിയതിന്റെ മാനദണ്ഡം വ്യക്തമല്ല.

തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 31.10.2017 ലെ ജി.ഒ.(പി) നം.80/2017/ത.സ്വ.ഭ.വ, എസ്.ആർ.ഒ നമ്പർ 674/2017 പ്രകാരം പുറപ്പെടുവിച്ച വിജ്ഞാപന പ്രകാരം 1996 ലെ കേരള പഞ്ചായത്ത് രാജ് (അസഹ്യവും അപകടകരവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾക്ക് ഭേദഗതികൾ പുറപ്പെടുവിച്ചിട്ടുണ്ട്. ആയത് പ്രകാരം ടി വിജ്ഞാപനത്തിലെ റൂൾ 2 ഭേദഗതിയനുസരിച്ച് ചട്ടത്തിന്റെ പേരിലെ ബ്രാക്കറ്റിലുള്ള ഭാഗം (ഫാക്ടറികൾക്കും, വ്യാപാരങ്ങൾക്കും, സംരംഭക പ്രവർത്തനങ്ങൾക്കും, മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) എന്നാക്കി ഭേദഗതി ചെയ്തിട്ടുണ്ട്. കൂടാതെ ചട്ടം 10 ലെ പട്ടിക-2 ൽ വിവിധ വ്യാപാരങ്ങൾക്ക് ഈടാക്കാവുന്ന പരമാവധി ഫീസായി ദിവസേനയുള്ള വിറ്റ് വരവിന്റെ അടിസ്ഥാനത്തിൽ നിശ്ചയിച്ചിട്ടുള്ളതിനെ മൈക്രോ, മിനി, സ്മോൾ, മീഡിയം, ലാർജ് സംരംഭങ്ങൾ എന്നിങ്ങനെ വിവിധ തട്ടുകളാക്കി മൂലധന നിക്ഷേപത്തിന്റെ അടിസ്ഥാനത്തിൽ തരം തിരിച്ച് പരമാവധി ഈടാക്കാവുന്ന ഫീസ് ഉത്തരവാകുകയും ആയതിന്റെ അടിസ്ഥാനത്തിൽ പുതിയ ഫീസ് നിരക്ക് ഗ്രാമപഞ്ചായത്ത് 05.03.2018 തിയ്യതിയിലെ 3(1) നമ്പർ തീരുമാന പ്രകാരം അംഗീകരിക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ 2018-19 സാമ്പത്തിക വർഷത്തിൽ ലഭിച്ചിട്ടുള്ള അപേക്ഷകളിലൊന്നും സ്ഥാപനത്തിന്റെ പ്രവർത്തന മൂലധനം രേഖപ്പെടുത്തിയിട്ടില്ല. അപേക്ഷകളിൻമേലുള്ള ഭൂരിഭാഗം അന്വേഷണ റിപ്പോർട്ടുകളിലും സ്ഥാപനത്തിന്റെ പ്രവർത്തന മൂലധനം പരാമർശിച്ചിട്ടില്ല. ലൈസൻസ് അപേക്ഷകളിൻ മേൽ എപ്രകാരമാണ് ഫീസ് ഈടാക്കിയിട്ടുള്ളത് എന്ന് വ്യക്തമല്ല. ആയതിനാൽ ലൈസൻസ് ഫീസ് ഈടാക്കിയതിൽ കുറവ് സംഭവിച്ചിട്ടുണ്ടോ എന്ന് ഓഡിറ്റിന് പരിശോധിക്കാൻ സാധിച്ചിട്ടില്ല. അപാകതകക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

( ഓഡിറ്റ് എൻക്വയറി നമ്പർ.03/02.03.2020 - മറുപടി ലഭ്യമാക്കിയിട്ടില്ല.)

## 1-13 ഫുട്ബോൾ ടർഫ് നിർമ്മാണത്തിന് ഭൂവികസന പെർമിറ്റ് അനുവദിച്ചതിന്റെ വിവരങ്ങൾ ലഭ്യമാക്കിയില്ല.

2011 ലെ കേരള പഞ്ചായത്ത്‌രാജ് കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ ചട്ടം 4, 5 എന്നിവ പ്രകാരം ഭൂവികസനത്തിന് പെർമിറ്റ് ആവശ്യമാണ്. ചട്ടം 2(ac) പ്രകാരം ഉല്ലാസോദ്യാനങ്ങൾ, കളിസ്ഥലങ്ങൾ എന്നിവയുടെ നിർമ്മാണം ഭൂവികസനത്തിൽ ഉൾപ്പെടുന്നു. എന്നാൽ ഗ്രാമപഞ്ചായത്തിലെ പതിമൂന്നാം വാർഡ് അകമ്പാടത്ത് അടുത്തിടെ നിർമ്മാണം പൂർത്തീകരിച്ച ഫുട്ബോൾ ടർഫിന് പെർമിറ്റ് അനുവദിച്ചതിന്റെ രേഖകൾ ഓഡിറ്റിന് ലഭ്യമാക്കാൻ ആവശ്യപ്പെട്ട് കൊണ്ട് നൽകിയ ഓഡിറ്റ്

എൻക്വയറിക്ക് (ഓഡിറ്റ് എൻക്വയറി നമ്പർ: 01/24.10.2019) മറുപടി ലഭ്യമാക്കിയിട്ടില്ല. ആവശ്യമായ ഭൂവികസന പെർമിറ്റ് നേടാതെയാണ് ഫുട്ബോൾ ടർഫിന്റെ നിർമ്മാണം പൂർത്തീകരിച്ച് പ്രവർത്തനമാരംഭിച്ചിട്ടുള്ളത് എന്ന് ഓഡിറ്റ് വിലയിരുത്തുന്നു. 2011 ലെ കേരള പഞ്ചായത്ത്‌രാജ് കെട്ടിട നിർമ്മാണ ചട്ടങ്ങൾ അനുശാസിക്കുന്ന നടപടികൾ സ്വീകരിച്ച് വിവരം അറിയിക്കേണ്ടതാണ്.

## 1-14 വസ്തുനികുതി നിർണ്ണയത്തിലെ അപാകത.

ഓഫീസ് ആവശ്യങ്ങൾക്കുള്ള കെട്ടിടങ്ങളുടെ അടിസ്ഥാന വസ്തുനികുതി 30 രൂപ / ച.മീ ആയാണ് ഗ്രാമപഞ്ചായത്ത് നിശ്ചയിച്ചിട്ടുള്ളത്. എന്നാൽ ശ്രീ.മുഹമ്മദ് അത്തിഫ് ജൗഹർ, കരിമ്പനക്കൽ ഹൗസ്, നിലമ്പൂർ എന്നവരുടെ 64.68 ച.മീറ്റർ തറവിസ്തീർണ്ണമുള്ള ഓഫീസ് കം സ്റ്റോർ റൂം കെട്ടിടത്തിന് 10 രൂപ /ച.മീറ്റർ നിരക്കിൽ നികുതി ചുമത്തിയതിലൂടെ 1222/- രൂപ വാർഷിക നികുതിയിൽ കുറവ് സംഭവിച്ചിട്ടുണ്ട്. വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| കെട്ടിട നമ്പർ | CP VII/238 A |
| തറവിസ്തീർണ്ണം | 64.68 ച.മീറ്റർ |
| അടിസ്ഥാന വസ്തുനികുതി നിരക്ക് | 30/ ച.മീറ്റർ |
| കെട്ടിടത്തിന്റെ അടിസ്ഥാന വസ്തുനികുതി ( 64.68 * 30) | 1941 രൂപ |
| (-) ഇളവ് - 10 % (മേഖല – 10% ) | 194 രൂപ |
| (+) വർദ്ധനവ് - ഇല്ല. | 0 |
| ഈടാക്കേണ്ട വസ്തുനികുതി | 1747 രൂപ |
| ഈടാക്കിയ വസ്തുനികുതി | 583 രൂപ. |
| ഈടാക്കിയതിൽ കുറവ് | 1164 രൂപ. |
| ഈടാക്കേണ്ട ലൈബ്രറി സെസ്സ് (1747 * 5%) | 88 രൂപ |
| ഈടാക്കിയ ലൈബ്രറി സെസ്സ് | 30 രൂപ |
| ലൈബ്രറി സെസ്സ് ഈടാക്കിയതിൽ കുറവ് | 58 രൂപ. |
| ആകെ നഷ്ടം (1164 + 58 ) | 1222 രൂപ. |

വസ്തുനികുതി നിർണ്ണയത്തിലെ അപാകത പരിഹരിക്കേണ്ടതും 2018-19 സാമ്പത്തിക വർഷത്തിലെ രണ്ടാം അർദ്ധവർഷത്തെ നഷ്ടതുക 611/- രൂപ ഉത്തരവാദികളിൽനിന്നും ഈടാക്കേണ്ടതുമാണ്.

(ഓഡിറ്റ് എൻക്വയറി നമ്പർ. 12/05.03.2020 – മറുപടി ലഭിച്ചിട്ടില്ല).

## 1-15 പി.എച്ച്.സി, പാലിയേറ്റീവ് കെയർ എന്നിവയ്ക്ക് മരുന്ന് വാങ്ങൽ - മരുന്ന് ലഭ്യമായിട്ടില്ല.

1). ആർദ്രം മിഷൻ – പി.എച്ച്.സിയിലേക്ക് മരുന്ന് വാങ്ങൽ.

| | |
|---|---|
| പ്രൊജക്റ്റ് നമ്പർ | 06/2019 |
| വിനിയോഗിച്ച തുക | 5,00,000/- രൂപ |
| | |

| | |
|---|---|
| ബിൽ നമ്പർ / തിയ്യതി | 11/2018-19 തിയ്യതി. 24.11.2018 |

പി.എച്ച്.സിയിലേക്ക് മരുന്ന് വാങ്ങൽ പദ്ധതി പ്രകാരം 5,00,000 രൂപ {4,90,850 രൂപ (KMSCL) + 9150 രൂപ (G.S.T)} മരുന്നുകൾ ലഭ്യമാക്കുന്നതിനായി കേരളമെഡിക്കൽ സർവ്വീസ് കോർപ്പറേഷന് നൽകിയിട്ടുണ്ട് . എന്നാൽ 5 ഇൻവോയിസുകളിലായി 3,92,943/- രൂപയുടെ മരുന്നുകൾ മാത്രമാണ് ലഭ്യമായിട്ടുള്ളത്. ബാക്കി 1,07,057/- രൂപയുടെ മരുന്ന് ലഭ്യമാക്കാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്.

2). പാലിയേറ്റീവ് കെയർ - മരുന്ന് വാങ്ങൽ.

| | |
|---|---|
| പ്രൊജക്റ്റ് നമ്പർ | 03/2019 |
| വിനിയോഗിച്ച തുക | 2,97,200/- രൂപ |
| ബിൽ നമ്പർ / തിയ്യതി | 12/2018-19 തിയ്യതി. 24.11.2018 |

പാലിയേറ്റീവ് കെയറിന് ആവശ്യമായ മരുന്ന് വാങ്ങുന്നതിന് വേണ്ടി കേരളമെഡിക്കൽ സർവ്വീസ് കോർപ്പറേഷന് 2,97,200/- രൂപ {2,91,848 രൂപ (KMSCL) + 5352 രൂപ (G.S.T)} നൽകിയിട്ടുണ്ട്. എന്നാൽ 4 ഇൻവോയിസുകളിലായി 2,35,788/- രൂപയുടെ മരുന്നുകൾ മാത്രമാണ് ലഭ്യമായിട്ടുള്ളത്. ബാക്കി 61,412/- രൂപയുടെ മരുന്ന് ലഭ്യമാക്കാൻ സ്വീകരിച്ച നടപടികൾ വിശദമാക്കാൻ ആവശ്യപ്പെട്ട് കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (എൻക്വയറി നമ്പർ. 01/02.03.2020) മരുന്നുകൾ ലഭ്യമാക്കി അറിയിക്കുന്നതാണ് എന്നറിയിച്ചിട്ടുണ്ട്. മരുന്ന് ലഭ്യമാക്കി അറിയിക്കേണ്ടതാണ്.

## 1-16 ശമ്പള വർദ്ധനവിനനുപാതികമായി പെൻഷൻ കോൺട്രിബ്യൂഷൻ അടവാക്കിയില്ല.

ഗ്രാമ പഞ്ചായത്തിലെ വിവിധ ജീവനക്കാർക്ക് ചുവടെ കാണിച്ച വൗച്ചറുകൾ പ്രകാരം ശമ്പള കുടിശ്ശിക അനുവദിച്ചിട്ടുണ്ട്. എന്നാൽ ശമ്പള കുടിശ്ശിക തുകയിലുൾപെട്ട അടിസ്ഥാന ശമ്പള വർദ്ധനവിന്റെ 15% തുക പെൻഷൻ കോൺട്രിബ്യൂഷനായി അടവാക്കേണ്ടതാണ്. അപ്രകാരം താഴെ പറയുന്നവരിൽ നിന്നും ശമ്പള വർദ്ധനവിനാനുപാതികമായി പെൻഷൻ കോൺട്രിബ്യൂഷൻ അടവാക്കിയതിന്റെ വിവരം അറിയിക്കേണ്ടതാണ്.

| വൗച്ചർ നമ്പർ/ തീയ്യതി | തുക | റിമാർക്സ് |
|---|---|---|
| 21800099/16.05.18 | 1,32,977 | 2014 ലെ പേ റിവിഷൻ മൂന്നാം ഗഡു<br>ശ്രീ.ജയപാലൻ ആർ,അസി.സെക്രട്ടറി- 21,002<br>ശ്രീ. ദിലീപ് കുമാർ കെ പി,ഹെഡ്ക്ലാർക്ക് - 23,730<br>ശ്രീമതി. ജയലളിത പി ,അക്കൗണ്ടന്റ് - 16,257<br>ശ്രീ. സുനിൽബാബു ജി,സീനിയർ ക്ലാർക്ക്- 15,828<br>ശ്രീമതി. അനിത സി വി,ക്ലാർക്ക്- 12,034<br>ശ്രീ.ചന്ദ്രൻ കെ ടി ,ക്ലാർക്ക്- 11,396 |

| | | |
|---|---|---|
| | | ശ്രീ.അനിൽബാബു സി,ക്ലാർക്ക്- 9393<br><br>ശ്രീമതി.റീജ പി ആർ ,ഓഫീസ് അസിസ്റ്റന്റ് - 16,582<br><br>ശ്രീ.സന്തോഷ്കുമാർ സി ആർ ,പി ടി എൽ - 6755 |
| 21800100/16.05.18 | 45,672 | 2014 ലെ പേ റിവിഷൻ മൂന്നാം ഗഡു- ശ്രീ.ലാലിമോൻ വി ,അക്കൗണ്ടന്റ് -13,883<br><br>ശ്രീ.റജിമോൻ, സീനിയർ ക്ലാർക്ക് -- 14,955<br><br>ശ്രീ.സുരേഷ് ബാബു ഇ ആർ ,സീനിയർ ക്ലാർക്ക്- 15,135<br><br>ശ്രീ.രതീഷ് ആർ , ക്ലാർക്ക് - 15,582 |
| 21800633/31.12.18 | 53,261 | ശ്രീ.യു പ്രേമരാജൻ ,സെക്രട്ടറിയുടെ 01.07.14 മുതൽ 31.07.2015വരെ ഉള്ള പേ റിവിഷൻ(2014)അരിയർ തുക (53,261രൂപ 58845 രൂപയിൽ നിന്നുംELS 5584 രൂപ കുറച്ച തുക)<br><br>അടിസ്ഥാന ശമ്പള വർദ്ധനവിന്റെ 15% തുക പെൻഷൻ കോൺട്രിബ്യൂഷനായി അടവാക്കിയതിന്റെ വിവരം |
| 21800180/26.06.18 | 1,53,235 | ശ്രീ.യു പ്രേമരാജൻ ,സെക്രട്ടറിയുടെ 24.07.15 മുതൽ 30.06.2016 വരെയും 01.07.16 മുതൽ 18.07.16 വരെയും ഉള്ള പേ റിവിഷൻ(2014)അരിയർ തുക<br><br>അടിസ്ഥാന ശമ്പള വർദ്ധനവിന്റെ 15% തുക പെൻഷൻ കോൺട്രിബ്യൂഷനായി അടവാക്കിയതിന്റെ വിവരം |
| 21800221/03.07.18 | 48,099 | ശ്രീ.സിദ്ദീഖ് വടക്കൻ ,റേഷ്യോ പ്രമോഷൻ ലഭിച്ചതിൽ പ്രകാരം പേ ഫിക്സ് സേഷൻ നടത്തി അനുവദിച്ച തുക<br><br>അടിസ്ഥാന ശമ്പള വർദ്ധനവിന്റെ 15% തുക പെൻഷൻ കോൺട്രിബ്യൂഷനായി അടവാക്കിയതിന്റെ വിവരം |
| 21800444/01.10.2018 | 1,67,441 | 2014 ലെ പേ റിവിഷൻ നാലാം ഗഡു<br><br>ശ്രീ.ജയപാലൻ ആർ,അസി.സെക്രട്ടറി- 20,260<br><br>ശ്രീ. ദിലീപ് കുമാർ കെ പി,ഹെഡ്ക്ലാർക്ക് - 22,891<br><br>ശ്രീമതി. ജയലളിത പി ,അക്കൗണ്ടന്റ് - 15,684<br><br>ശ്രീ. സുനിൽബാബു ജി,സീനിയർ ക്ലാർക്ക്- 15,270<br><br>ശ്രീമതി. അനിത സി വി,ക്ലാർക്ക്- 11,608<br><br>ശ്രീ.ചന്ദ്രൻ കെ ടി ,ക്ലാർക്ക്- 10,994<br><br>ശ്രീ.അനിൽബാബു സി,ക്ലാർക്ക്- 9067 |

| | | |
|---|---|---|
| | | ശ്രീമതി.റീജ പി ആർ ,ഓഫീസ് അസിസ്റ്റന്റ് - 15,998<br>ശ്രീ.റജിമോൻ, സീനിയർ ക്ലാർക്ക് -- 14,953<br>ശ്രീ.സുരേഷ് ബാബു ഇ ആർ ,സീനിയർ ക്ലാർക്ക്- 15,133<br>ശ്രീ.രതീഷ് ആർ , ക്ലാർക്ക് - 15,583 |
| 21800445/01.10.2018 | 6755 | ശ്രീ.സന്തോഷ്കുമാർ സി ആർ ,പി ടി എൽ |

(ഓഡിറ്റ് എൻക്വയറി നം. 18/05.03.2020)

# 1-17 വീട് വാസയോഗ്യമാക്കൽ - പട്ടികജാതി / പട്ടികവർഗ്ഗ വകുപ്പിൽ നിന്നുള്ള സാക്ഷ്യപത്രം ലഭ്യമാക്കിയില്ല.

1) പ്രോജക്റ്റ് നം. 93/19

വീട് വാസയോഗ്യമാക്കൽ (പട്ടികജാതി)

വിനിയോഗിച്ച തുക – 9,00,000 (എസ് സി പി )

ബിൽ നം. 18/18-19/23.11.18- 3,75,000

ബിൽ നം. 26/18-19/15.01.19- 75,000

ബിൽ നം. 33/18-19/14.02.19- 1,50,000

ബിൽ നം. 36/18-19/14.03.19- 75,000

ബിൽ നം. 38/18-19/23.03.19- 2,25,000

പദ്ധതി പ്രകാരം ആറ് പേർക്ക് 1,50,000 രൂപ വീട് വാസയോഗ്യമാക്കുന്നതിനായി നൽകുകയാണ് ചെയ്തിട്ടുള്ളത്.

2)പ്രോജക്റ്റ് നം. 150/19

വീട് വാസയോഗ്യമാക്കൽ (പട്ടികവർഗ്ഗം)

വിനിയോഗിച്ച തുക – 7,50,000 (ടി എസ് പി )

ബിൽ നം. 24/18-19/15.01.19- 1,50,000

ബിൽ നം. 28/18-19/15.01.19- 1,50,000

ബിൽ നം. 35/18-19/14.03.19- 2,25,000

ബിൽ നം. 37/18-19/23.03.19- 2,25,000

പദ്ധതി പ്രകാരം അഞ്ച് പേർക്ക് 1,50,000 രൂപ വീട് വാസയോഗ്യമാക്കുന്നതിനായി നൽകുകയാണ് ചെയ്തിട്ടുള്ളത്.

3)പ്രോജക്റ്റ് നം. 157/19

വീട് വാസയോഗ്യമാക്കൽ (പട്ടികജാതി)(സ്പിൽ ഓവർ)

വിനിയോഗിച്ച തുക – 90,000 (എസ് സി പി )

തനത് ഫണ്ട് - 60,000

ആകെ - 1,50,000

ബിൽ നം. 13/18-19/28.07.18- 75,000

ബിൽ നം. 20/18-19/30.11.18- 15,000

ചെക്ക് നം.2598496/ 30.11.18- 60,000

പദ്ധതി പ്രകാരം രണ്ട് പേർക്ക് വീട് വാസയോഗ്യമാക്കുന്നതിനായി തുക(തൻവർഷം ബാക്കി തുക ) നൽകുകയാണ് ചെയ്തിട്ടുള്ളത്.

മേൽ പദ്ധതികൾ വി ഇ ഒ ആണ് നിർവ്വഹണം നടത്തിയിട്ടുള്ളത്. പട്ടികജാതി /പട്ടിക വർഗ്ഗ വകുപ്പുകൾ മുഖേന നേരിട്ടും വീട് വാസയോഗ്യമാക്കുന്നതിനായി ഗുണഭോക്താക്കൾക്ക് ധനസഹായം നൽകിവരുന്നതിനാൽ,മേൽ പദ്ധതികൾ പ്രകാരം ധനസഹായം നൽകിയിട്ടുള്ള ഗുണഭോക്താക്കൾക്ക് പ്രസ്തുത വകുപ്പുകൾ മുഖേന ഈ ഇനത്തിൽ ധനസഹായം ലഭിച്ചിട്ടില്ല എന്ന് ഉറപ്പാക്കിയ ശേഷം മാത്രമാണ് ധനസഹായം അനുവദിക്കാവുന്നത്.എന്നാൽ ആയത് പാലിച്ചിട്ടില്ല. വിവരം ആരാഞ്ഞു കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 15 / 05.03.2020 )വിവരം ലഭ്യമാക്കുന്നതാണെന്ന മറുപടി ലഭിച്ചു. ആയത് ലഭ്യമാക്കുന്നതു വരെ ചെലവുതുക 18,00,000 രൂപ (9,00,000+ 7,50,000+ 1,50,000) ഓഡിറ്റിൽ തടസ്സം ചെയ്യുന്നു.

## 1-18 ലൈഫ് ഭവനപദ്ധതി - അഡ്വാൻസ് കൈപ്പറ്റിയതിനു ശേഷം ഭവനനിർമ്മാണം ആരംഭിച്ചില്ല.

ചാലിയാർ ഗ്രാമപഞ്ചായത്തിൽ താഴെ പറയുന്ന ഗുണഭോക്താക്കൾ ലൈഫ് ഭവനപദ്ധതി പ്രകാരം ഭവനനിർമ്മാണത്തിനായി 40,000 രൂപ അഡ്വാൻസ് കൈപ്പറ്റിയതിനു ശേഷം നാളിതുവരെയും ഭവനനിർമ്മാണം ആരംഭിച്ചിട്ടില്ല.

| ക്രമനം. | ഗുണഭോക്താവിന്റെ പേരും വിലാസവും | റിമാർക്സ് |
|---|---|---|
| 1 | രാധാമണി w/o ശിവപ്രസാദ് (late),മൂഴിക്കൽ,മതിമൂല | |
| 2 | ലക്ഷ്മി ഇദർപൂത്താപെട്ടി,മതിമൂല | |
| 3 | ഉമ്മൈമത്ത്,തോട്ടത്തിൽ,എരഞ്ഞിമങ്ങാട് (പി ഒ) | |

അപാകത പരാമർശിച്ചു കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 16/05.03.2020) 2018 ലെ പ്രളയം മൂലം മതിമൂല കോളനി ഒന്നാകെ ഒലിച്ചു പോയതിനാലാണ് ഭവനനിർമ്മാണം ആരംഭിക്കാത്തത് എന്നും ക്രമ നം. 3 ഗുണഭോക്താവ് വീടിന്റെ തറപ്പണി പൂർത്തീകരിച്ചിട്ടുണ്ട് എന്നുമുള്ള മറുപടി ലഭിച്ചു. ഇക്കാര്യത്തിൽ ഗ്രാമപഞ്ചായത്ത് സ്വീകരിച്ച തുടർ നടപടി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-19 ലൈഫ് ഭവനം- കരാർ രജിസ്ട്രേഷൻ നടത്തിയില്ല.

ലൈഫ് ഭവനപദ്ധതി സംബന്ധിച്ച സർക്കാർ ഉത്തരവ് നം.സ.ഉ (എം എസ്) നം. 151/2017/തസ്വഭവ തി. 31.07.2017,സ.ഉ (എം എസ്) നം. 196/2017/തസ്വഭവ തി. 11.10.2017,സർക്കുലർ നം.344/ ഡി.ബി.1/2017/തസ്വഭവ തി.25.11.2017 എന്നിവ പ്രകാരം അടുത്ത 10 വർഷത്തേക്ക് വസ്തുവും വീടും കൈമാറ്റം ചെയ്യുന്നതല്ല എന്ന ഒരു കരാർ ഗുണഭോക്തൃ സംഗമം ദിവസം തന്നെ ഗുണഭോക്താവ് നിർവ്വഹണ ഉദ്യോഗസ്ഥന്റെ പേരിൽ എഴുതി നൽകേണ്ടതും, മൂന്നാംഗഡു നൽകുന്നതിന് മുൻപായി ഗുണഭോക്താവിന് വേണ്ടി പ്രസ്തുത കരാർ തദ്ദേശ സ്വയംഭരണ സ്ഥാപനം സബ് രജിസ്ട്രാർ ഓഫീസിൽ ഓൺ ലൈനായി രജിസ്റ്റർ ചെയ്യേണ്ടതാണ്. എന്നാൽ,ചാലിയാർ ഗ്രാമപഞ്ചായത്തിൽ പണി പൂർത്തീകരിച്ചതും പൂർത്തീകരിച്ചുകൊണ്ടിരിക്കുന്നതുമായ ലൈഫ് ഭവനങ്ങളുടെ കാര്യത്തിൽ ആയത് പാലിച്ചിട്ടില്ല.അപാകത പരാമർശിച്ചു കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്കുള്ള (നം.17/05.03.2020 )മറുപടിയിൽ കരാർ ഫീസ് ഒഴിവാക്കി ലൈഫ് മിഷൻ ഉത്തരവിറക്കുന്ന മുറക്ക് കരാർ രജിസ്റ്റർ ചെയ്യുന്നതാണെന്നറിയിച്ചു.തുടർ നടപടി വിവരം പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്.

## 1-20 പശു പരിപാലന പദ്ധതി -ഗുണഭോക്താവുമായി കരാർ ചമച്ചില്ല.

പ്രോജക്റ്റ് നം. 23/19

പശു പരിപാലന പദ്ധതി (എസ് ടി വനിത)

വിനിയോഗിച്ച തുക – 1,10,000 രൂപ

ബിൽനം. 13/18-19/26.03.19 – 1,10,000 രൂപ (ടി എസ് പി )

നിർവ്വഹണം - വെറ്ററിനറി സർജൻ

പദ്ധതി പ്രകാരം, (1) ശാന്ത പാറേക്കാട് കോളനി,ഇടിവണ്ണ (പി ഒ), (2)സിനി പാറേക്കാട് കോളനി,ഇടിവണ്ണ (പി ഒ) എന്നീ ഗുണഭോക്താക്കൾക്ക് പശുവിനെ വാങ്ങുന്നതിനായാണ് തുക വിനിയോഗിച്ചിട്ടുള്ളത്.

സബ്സിഡി മാർഗ്ഗരേഖ ജി ഒ (എം എസ് )നം.22/2018/ ത.സ്വ.ഭ.വ തി. 14.02.2018 പ്രകാരം ഉരുക്കളെ മൂന്ന് വർഷമെങ്കിലും വളർത്തുമെന്ന് ഗുണഭോക്താവ് നിർവ്വഹണ ഉദ്യോഗസ്ഥനുമായി കരാർ ചമയ്ക്കണം. ആയത് പാലിച്ചിട്ടില്ല. വിവരം പരാമർശിച്ചു കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്കും (നം. 14/15.03.2020)മറുപടി ലഭ്യമാക്കിയിട്ടില്ല. ചെലവുതുക 1,10,000 രൂപ ഓഡിറ്റിൽ തടസ്സം ചെയ്യുന്നു.

## 1-21 കാർഷിക പ്രവർത്തനങ്ങളിൽ തൊഴിലുറപ്പു പദ്ധതിയുടെ സാധ്യത പ്രയോജനപ്പെടുത്തുന്നില്ല.

ജി.ഒ(എം.എസ്)22/2018 തസ്വഭവ 14.02.18—സബ്സിഡി മാർഗ്ഗരേഖ പ്രകാരം,മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ എല്ലാ സാധ്യതകളും പരിഗണിച്ചു കൊണ്ടായിരിക്കണം, കാർഷികമേഖലയുടെ സമഗ്രപരിപാടികൾക്ക് രൂപം നൽകേണ്ടത് എന്നും നടീൽ,കൊയ്ത്ത്,വിളവെടുപ്പ് തുടങ്ങിയവ ഒഴികെയുള്ള പ്രവർത്തനങ്ങൾക്കെല്ലാം തൊഴിലുറപ്പ് പദ്ധതിയുടെ സാധ്യതകൾ പരമാവധി പ്രയോജനപ്പെടുത്തണമെന്നും നിഷ്കർഷിക്കുന്നുണ്ട്. എന്നാൽ പഞ്ചായത്തിൽ 18-19 വർഷത്തിൽ കൃഷി ഓഫീസർ നടപ്പിലാക്കിയ പ്രൊജക്റ്റുകളിലൊന്നും,ഈ മാർഗ്ഗനിർദ്ദേശം പാലിച്ചതായി കാണുന്നില്ല.

ഉദാഹരണമായി സമഗ്ര നെൽകൃഷി വികസനം,പച്ചക്കറി വികസനം എന്നിങ്ങനെ 2 പ്രോജക്ടുകൾ കൃഷി ഓഫീസർ നിർവ്വഹണം നടത്തിയതിൽ, നിലമൊരുക്കുന്നത് ഉൾപ്പടെയുള്ള കാർഷിക പ്രവർത്തനങ്ങൾക്ക് കൂലിച്ചെലവായി,യഥാക്രമം 6,84,455രൂപ, 59,500 രൂപ എന്നിങ്ങനെ ഗ്രാമ പഞ്ചായത്തിന്റെ വികസനഫണ്ടിൽ നിന്നും നൽകിയിട്ടുണ്ട്. മേൽപ്പറഞ്ഞ സർക്കാർ മാർഗ്ഗനിർദ്ദേശം പാലിച്ചിരുന്നെങ്കിൽ,കൂടുതൽ തൊഴിൽ ദിനങ്ങൾ സൃഷ്ടിക്കുന്നതിനും, കർഷകരുടെ ചെലവ് പരമാവധി കുറക്കുന്നതിനും സാധിക്കുമായിരുന്നു. ഭാവിയിൽ പ്രൊജക്ടുകൾ തയ്യാറാക്കുമ്പോൾ ഇക്കാര്യം ശ്രദ്ധിക്കേണ്ടതാണ്.

## 1-22 Top belt കോൺക്രീറ്റിനുള്ള ഫോം വർക്കിന് അധികനിരക്ക് അനുവദിച്ചു. നഷ്ടം 14791/-രൂപ.

നിർവ്വഹണോദ്യോഗസ്ഥൻ: അസിസ്റ്റന്റ് എഞ്ചിനീയർ

2018-19 വർഷത്തിൽ നടപ്പാക്കിയ സംരക്ഷണഭിത്തിയുടെ top belt കോൺക്രീറ്റിനുള്ള സെന്ററിംഗ് പ്രവൃത്തിക്ക് DSR Code 4.3.2 പ്രകാരമുള്ള ഉയർന്ന നിരക്ക് നൽകിയതായി കാണുന്നു. യഥാർത്ഥത്തിൽ ഈ ഇനം പ്രവൃത്തിക്ക് DSR Code 5.9.1പ്രകാരമുള്ള നിരക്കിന് മാത്രമേ അർഹതയുള്ളു. ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ ഇത്തരത്തിലുള്ള മറ്റു പ്രവൃത്തികൾക്ക് DSR Code 5.9.1പ്രകാരമുള്ള നിരക്കാണ് അനുവദിച്ചിട്ടുള്ളത്. എന്നാൽ DSR Code 4.3.2 പ്രകാരമുള്ള ഉയർന്ന നിരക്ക് അനുവദിച്ചതു മൂലം14791/-രൂപയുടെ നഷ്ടം സംഭവിച്ചിട്ടുണ്ട്. വിശദാംശം ഈ റിപ്പോർട്ടിന്റെ ഭാഗം 3 ൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

## 1-23 ഡ്രൈനേജ് സൈഡ് വാളിന്റെ കോൺക്രീറ്റിനുള്ള ഫോം വർക്കിന് അധികനിരക്ക് അനുവദിച്ചു. നഷ്ടം 89799/-രൂപ

നിർവ്വഹണോദ്യോഗസ്ഥൻ: അസിസ്റ്റന്റ് എഞ്ചിനീയർ

2018-19 വർഷത്തിൽ ഗ്രാമ പഞ്ചായത്ത് നടപ്പാക്കിയ വിവിധ മരാമത്ത് പ്രവൃത്തികളിൽ ഡ്രയിനേജ് സൈഡ് വാളിന്റെ കോൺക്രീറ്റിനുള്ള സെന്ററിംഗ് പ്രവൃത്തിക്ക് DSR Code 5.9.2 പ്രകാരമുള്ള ഉയർന്ന നിരക്ക് നൽകിയതായി കാണുന്നു. യഥാർത്ഥത്തിൽ ഈ ഇനം പ്രവൃത്തി പ്ലിന്ത് ലെവൽ വരെ മാത്രമുള്ളതായതിനാൽ DSR Code 4.3.1 പ്രകാരമുള്ള നിരക്കിന് മാത്രമേ അർഹതയുള്ളു. 2-3-2020 ന് ഓവർസീയറുടെ സാന്നിദ്ധ്യത്തിൽ നടത്തിയ സ്ഥലപരിശോധനയിൽ സൈഡ് വാൾ കോൺക്രീറ്റ് അപ്രകാരമാണ്(പ്ലിന്ത് ലെവൽ വരെ) ചെയ്തതെന്ന് ബോധ്യപ്പെടുകയും ഓവർസീയർ സ്ഥലപരിശോധനാ റിപ്പോർട്ടിൽ ഇക്കാര്യം അംഗീകരിക്കുകയും ചെയ്തിട്ടുണ്ട്. ഉയർന്ന നിരക്ക് അനുവദിച്ചതു മൂലം 89799/-രൂപയുടെ നഷ്ടം സംഭവിച്ചിട്ടുണ്ട്. വിശദാംശം ഈ റിപ്പോർട്ടിന്റെ ഭാഗം 3 ൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

## 1-24 ഇ-ടെണ്ടർ പ്രവൃത്തികളുടെ ടെണ്ടർ ഫോറം വില: വിശദാംശം ലഭ്യമല്ല.

നി.ഉദ്യോഗസ്ഥൻ. അസി.എഞ്ചിനീയർ

GO(MS) No 318/2013/LSGD/28-09-2013 പ്രകാരം ത സ്വ ഭ വ സ്ഥാപനങ്ങളിലെ 5 ലക്ഷം

രൂപയോ അതിന് മുകളിലോ അടങ്കലുള്ള പ്രവൃത്തികൾക്ക് ഇ-ടെണ്ടർ സംവിധാനം നടപ്പിലാക്കുകയും ഇത്തരം പ്രവൃത്തികളുടെ online transaction വഴിയുള്ള ടെണ്ടർ ഫോറം വില സ്വീകരിക്കുന്നതിനായി zero balance account തുടങ്ങുന്നതിനും ഉത്തരവായിട്ടുള്ളതാണ്.മേലുത്തരവ് പ്രകാരം ഗ്രാമപഞ്ചായത്തുകൾ നടപ്പിലാക്കുന്ന പ്രവൃത്തികളുടെ ടെണ്ടർ ഫോറം വില ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ടിലാണ് ക്രഡിറ്റ് ചെയ്യേണ്ടത്. ആയത് പ്രകാരം , ചാലിയാർ ഗ്രാമപഞ്ചായത്ത് 2018-19 ൽ ഇ-ടെണ്ടർ ചെയ്ത പ്രവൃത്തികളുടെ ടെണ്ടർ ഫോറം വില എത്ര രൂപയാണെന്നും ആയതിൽ എത്ര രൂപ ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ടിൽ നിന്ന് ലഭ്യമായിട്ടുണ്ടെന്നുമുള്ള വിവരം ലഭ്യമാക്കേണ്ടതാണെന്നാവശ്യപ്പെട്ട് നൽകിയ 7/4-3-2020 നംപർ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. മേൽ വിവരം ലഭ്യമാക്കേണ്ടതാണ്.

# 1-25 ചെയ്യാത്ത പ്രവൃത്തിക്ക് തുക നൽകി; നഷ്ടം 6797 രൂപ.

നിർവ്വഹണോദ്യോഗസ്ഥൻ: അസിസ്റ്റന്റ് എഞ്ചിനീയർ
പ്രവൃത്തി: മണ്ണപ്പാടം ജലധാര റോഡ് ഡ്രൈനേജ് 161/18,164/19.

കരാറുകാരൻ: ശ്രീ പി കെ ഹുസ്സൈൻ

കരാർ: 8/AE/17-18/31-10-17 (ER)

അളവ് പുസ്തകം: 172/17-18

മൂല്യനിർണ്ണയം: 200000 രൂപ(ട്രഷറി ബിൽ നംപർ 8/18-19/5-7-18)

(-) നികുതി. 4000

കരാറുകാരന് 196000

മേൽ പ്രവൃത്തിയുടെ 5-ാം ഇനം ഡ്രൈനേജ് കോൺക്രീറ്റ് വാളിന്റെ സിമെന്റ് തേപ്പ് ആണ്. ആയത് 30.00 m2 ചെയ്തതായി അളവ് പുസ്തകം പേജ് 6 ൽ 18-4-2018 ന് രേഖപ്പെടുത്തുകയും അപ്രകാരം ചെയ്തതിന് 226.58 രൂപ നിരക്കിൽ 6796.80 രൂപ കരാറുകാരന് നൽകുകയും ചെയ്തിട്ടുണ്ട്. എന്നാൽ, 2-3-2020 ന് ഓവർസീയറുടെ സാന്നിദ്ധ്യത്തിൽ നടത്തിയ സ്ഥലപരിശോധനയിൽ സൈഡ് വാൾ കോൺക്രീറ്റിൽ സിമെന്റ് തേപ്പ് നടത്തിയിട്ടില്ലെന്ന് ബോധ്യപ്പെട്ടു. ചെയ്യാത്ത പ്രവൃത്തിക്ക് കരാറുകാരന് തുക നൽകിയത് മൂലം 6797/-രൂപയുടെ നഷ്ടം സംഭവിച്ചിട്ടുണ്ട്. വിശദാംശം ഈ റിപ്പോർട്ടിന്റെ ഭാഗം 3 ൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

# 1-26 പ്രവൃത്തി വൈകിപൂർത്തിയാക്കിയതിന് പിഴ ഈടാക്കിയില്ല. നഷ്ടം 32335 രൂപ.

നി.ഉദ്യോഗസ്ഥൻ: അസിസ്റ്റന്റ് എഞ്ചിനീയർ

താഴെ പറയുന്ന പ്രവൃത്തികൾ കരാർ പ്രകാരമുള്ള പൂർത്തീകരണ കാലാവധിക്കുള്ളിൽ പൂർത്തീകരിച്ചിട്ടില്ല. കരാറുകാർ ചമച്ച കരാർ പ്രകാരം പൂർത്തീകരണ കാലാവധിക്കുള്ളിൽ പ്രവൃത്തി

പൂർത്തീകരിച്ചിട്ടില്ലെങ്കിൽ പിഴ ഈടാക്കി മാത്രമേ പ്രവൃത്തി പൂർത്തിയാക്കാവൂ എന്ന് നിഷ്കർഷിക്കുകയും കരാറുകാർ ആയത് അംഗീകരിക്കുകയും ചെയ്തിട്ടുണ്ട്.

GO(P) 13/2012/PWD/01-01-2012 പ്രകാരമുള്ള കേരളപൊതുമരാമത്ത് മാന്വലിലെ സെക്ഷൻ 2005,2112,2111 എന്നിവ പ്രകാരം കരാറുകാരൻ, കരാർ കാലാവധി ദീർഘിപ്പിക്കുന്നതിനായി AE മുഖേന , കാലാവധി തീരുന്നതിന്ന് മുമ്പായി, അപേക്ഷിക്കേണ്ടതും AE ഇക്കാര്യത്തിൽ തീരുമാനമെടുത്ത് ഒറ്റത്തവണ ഒറിജിനൽ സമയത്തിന്റെ 25% അല്ലെങ്കിൽ 6 മാസം, (ഏതാണ് കുറവ് അത്) നിരക്കിലും പരമാവധി 50% വരെയും ദീർഘിപ്പിച്ച് നൽകാവുന്നതാണ്. എന്നാൽ താഴെ പറയുന്ന പ്രവൃത്തികളുടെ കരാറുകാർ അപ്രകാരം കാലാവധി ദീർഘിപ്പിക്കുന്നതിനായി അപേക്ഷിക്കുകയോ കാലാവധി ദീർഘിപ്പിച്ച് നൽകുകയോ ചെയ്തിട്ടില്ല.ആയതിനാൽ താഴെ പറയും പ്രകാരം പിഴ ഈടാക്കാത്തത് വിശദമാക്കേണ്ടതാണ്.

മാത്രമല്ല, മേൽ ചട്ട പ്രകാരം കരാർ കാലാവധിക്ക് ശേഷം കരാർ കാലാവധി ദീർഘിപ്പിക്കുന്നതിനായി അപേക്ഷിക്കുകപോലും ചെയ്യാതെ കരാറുകാരൻ പ്രവൃത്തി സ്ഥലത്ത് ചെയ്യുന്ന പ്രവൃത്തികൾ അനധികൃതവുമാണ്.

വിശദാംശം താഴെ കൊടുക്കുന്നു.

1) കല്ലുമുണ്ട വളയംകുന്ന് റോഡ് സൈഡ് പ്രൊട്ടക്ഷൻ 143/18, 163/19.

കരാറുകാരൻ: ശ്രീ ജാബിർ റഷീദ് ടി

കരാർ: 28/AE/17-18/9-11-17

കരാർ തുക: 737413.75 രൂപ

അളവ് പുസ്തകം: 54/18-19

പ്രവൃത്തിസ്ഥലം കൈമാറിയത്: 9-11-17

കരാർ കാലവധി: 6 മാസം

പൂർത്തീകരിക്കേണ്ടതീയതി: 8-5-18

പൂർത്തീകരിച്ചതീയതി: 30-5-18(അളവ് പുസ്തകം പേജ് 22)

ചെലവ്: 587811 രൂപ (ബിൽ 27/18-19/14-11-18)

മൂല്യനിർണ്ണയം: (ടെണ്ടർ വ്യതിയാനത്തിന് ശേഷം): 587811

(-) നികുതികൾ: 11756

കരാറുകാരന്: 576055

ഈടാക്കേണ്ട പിഴ.

ആദ്യ തവണ PAC യുടെ 1% : 3605.00 രൂപ (minimum Rs.1000, Rs.maximum 50000)

(25% of 6 months:9-5-18 to 30-5-18=22 ദിവസം, 7374.13*22/45= 3605.13)

ആകെ 3605.00 രൂപ.

2) വേട്ടേക്കോട് SC കോളനി കുടിവെള്ള പദ്ധതി 228/18, 183/19

കരാറുകാരൻ: ശ്രീ അസീസ് ഇ എം

കരാർ: 82/AE/17-18/7-3-18

കരാർ തുക: 223030 രൂപ

അളവ് പുസ്തകം: 52/18-19

പ്രവൃത്തിസ്ഥലം കൈമാറിയത്: 7-3-18

കരാർ കാലവധി: 3 മാസം

പൂർത്തീകരിക്കേണ്ടതീയതി: 6-6-18

പൂർത്തീകരിച്ചതീയതി: 21-12-18(അളവ് പുസ്തകം പേജ് 24)

ചെലവ്: 185379 രൂപ (ബിൽ 62/18-19/29-1-19)

മൂല്യനിർണ്ണയം: : 185373

(-) നികുതികൾ: 3708

കരാറുകാരന്: 181671

ഈടാക്കേണ്ട പിഴ.

ആദ്യ തവണ PAC യുടെ 1% : 1853.79 രൂപ (minimum Rs.1000, Rs.maximum 50000)

(25% of 3 months = 23 ദിവസം, 7-6-18 to 30-6-18)

ആദ്യ തവണക്ക് ശേഷം PAC യുടെ 2%: 3707.58 രൂപ (minimum Rs.2000, Rs.maximum 100000)

(25% of 3 months = 23 ദിവസം, 1-7-18 to 23-7-18 )

ആകെ 5561 രൂപ.

3) ആനപ്പാറ SC കോളനി കുടിവെള്ള പദ്ധതി 224/18, 184/19

കരാറുകാരൻ: ശ്രീ അസീസ് ഇ എം

കരാർ: 81/AE/17-18/7-3-18

കരാർ തുക: 183634 രൂപ

അളവ് പുസ്തകം: 69/2018, 119/18-19

പ്രവൃത്തിസ്ഥലം കൈമാറിയത്: 7-3-18

കരാർ കാലവധി: 3 മാസം

പൂർത്തീകരിക്കേണ്ടതീയതി: 6-6-18

പൂർത്തീകരിച്ചതീയതി: 21-12-18(അളവ് പുസ്തകം പേജ് 23, 69/2018)

ചെലവ്: 143166 രൂപ (ബിൽ 63/18-19/29-1-19)

മൂല്യനിർണ്ണയം: : 143166

(-) നികുതികൾ: 2864

കരാറുകാരന്: 140302

ഈടാക്കേണ്ട പിഴ.

ആദ്യ തവണ PAC യുടെ 1% : 1836.34 രൂപ (minimum Rs.1000, Rs.maximum 50000)

(25% of 3 months = 23 ദിവസം, 7-6-18 to 30-6-18)

ആദ്യ തവണക്ക് ശേഷം PAC യുടെ 2%: 3672.68 രൂപ (minimum Rs.2000, Rs.maximum 100000)

(25% of 3 months = 23 ദിവസം, 1-7-18 to 23-7-18 )

ആകെ 5509 രൂപ.

4) മുട്ടിയിൽ അംഗനവാടി കെട്ടിട നിർമാണം 18/18

കരാറുകാരൻ: ശ്രീ ആബിദ് കോയ

കരാർ: 53/AE/17-18/4-12-17

കരാർ തുക: 588675 രൂപ

അളവ് പുസ്തകം: 191/18-19,160/18-19

പ്രവൃത്തിസ്ഥലം കൈമാറിയത്: 4-12-17

കരാർ കാലവധി: 6 മാസം

പൂർത്തീകരിക്കേണ്ടതീയതി: 3-6-18

പൂർത്തീകരിച്ചതീയതി: 15-3-19(അളവ് പുസ്തകം പേജ് 10, 160/18-19)

ചെലവ്: 529425രൂപ (500000 രൂപ, ജില്ലാ പഞ്ചായത്ത് വിഹിതം 2018-19 ൽ ചെലവഴിച്ചിട്ടുണ്ട് (3/19 ൽ) എന്നാൽ പെയ്മെന്റ് വിവരം ലഭ്യമല്ല. ബാക്കി 29425 രൂപ 2019-20 ലാണ് നൽകിയത് )

മൂല്യനിർണ്ണയം: : 529425

(-) നികുതികൾ: 21176

കരാറുകാരന്: 508249

ഈടാക്കേണ്ട പിഴ.

ആദ്യ തവണ PAC യുടെ 1% : 5886.75 രൂപ (minimum Rs.1000, Rs.maximum 50000)

(25% of 6 months = 45 ദിവസം, 4-6-18 to 18-7-18)

ആദ്യ തവണക്ക് ശേഷം PAC യുടെ 2%: 11773.5 രൂപ (minimum Rs.2000, Rs.maximum 100000)

(25% of 6 months = 45 ദിവസം, 19-7-18 to 2-9-18 )

ആകെ 17660 രൂപ.

മേൽ പ്രകാരം 32335 രൂപ (3605+5561+5509+17660) പിഴ ഈടാക്കാത്തത് വിശദമാക്കേണ്ടതാണെന്നാവശ്യപ്പെട്ട് നൽകിയ 10/4-3-2020 നംപർ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ പിഴയിനത്തിൽ ഈടാക്കേണ്ട 32335 രൂപ കരാറുകാരിൽ നിന്നോ അല്ലാത്ത പക്ഷം ഉത്തരവാദിയായ അസിസ്റ്റന്റ് എഞ്ചിനീയറിൽ നിന്നോ ഈടാക്കേണ്ടതാണ്.

## 1-27 ഗുണഭോക്തൃസമിതി മുഖേന നിർവ്വഹണം നടത്തിയ മരാമത്ത് പ്രവൃത്തിയുടെ ബില്ലിൽ നിന്നും 5% കുറവ് ചെയ്തില്ല. നഷ്ടം 49563/-രൂപ

നിർവ്വഹണോദ്യോഗസ്ഥൻ: അസിസ്റ്റന്റ് എഞ്ചിനീയർ

ജി.ഒ (പി)30/2016 ഫിൻ തീ. 29.02.2016 പ്രകാരം ഗുണഭോക്തൃ സമിതികൾ മുഖേന നടപ്പിലാക്കുന്ന പ്രവൃത്തികൾക്ക് 7.5% ഓവർഹെഡ് ചാർജ് നൽകാമെന്നും, ആവശ്യമായ നികുതികൾ ഗുണഭോക്തൃ സമിതികളിൽ നിന്നും ഈടാക്കണമെന്നും ഉത്തരവായിട്ടുള്ളതാണ്. PRICE സോഫ്റ്റ് വെയറിൽ തയ്യാറാക്കുന്ന എസ്റ്റിമേറ്റുകളിൽ 7.5% ഓവർഹെഡ് ചാർജ് ഉൾപ്പെട്ടിട്ടുണ്ട്. 01.07.2017 മുതൽ GST നിലവിൽ വന്നിട്ടുള്ളതിലാൽ 5% VAT ഈടാക്കേണ്ടതില്ലെന്നും 5% തുക കുറവ് ചെയ്തതിനു ശേഷം തുക അനുവദിച്ചാൽ മതിയെന്നും കേരള തദ്ദേശ സ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയർ കേരള തദ്ദേശ സ്വയംഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിക്ക് അയച്ച നം.ഡിബി3-9058/17/ സിഇ/തസ്വഭവ തീ.16.03.2018 കത്തിലൂടെ വ്യക്തമാക്കിയിട്ടുണ്ട്. 2017-18 വർഷത്തിൽ ഗുണഭോക്തൃസമിതി മുഖേന നിർവ്വഹണം നടത്തിയ രണ്ട് പ്രവൃത്തിയിൽ നിന്നും മേൽ സൂചിപ്പിച്ച പ്രകാരം 5% തുക ബില്ലിൽ നിന്നും കുറവ് ചെയ്യാതെ തുക അനുവദിച്ചത് മൂലം 49563/-രൂപയുടെ നഷ്ടം സംഭവിച്ചിട്ടുണ്ട്. വിശദാംശം ഈ റിപ്പോർട്ടിന്റെ ഭാഗം 3 ൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

## 1-28 എസ്റ്റിമേറ്റ് പ്രകാരമല്ലാത്ത പ്രവൃത്തി ചെയ്തതിന് തുക നൽകിയത് ക്രമവിരുദ്ധം.

നിർവ്വഹണോദ്യോഗസ്ഥൻ: അസിസ്റ്റന്റ് എഞ്ചിനീയർ

1) പെരുമ്പത്തൂർ സ്കൂൾകെട്ടിട നവീകരണം 70/19

അടങ്കൽ: 150000 രൂപ

കരാറുകാരൻ : ശ്രീ ആബിദ് കോയ A H

കരാർ: 69/AE/18-19/4-12-18 (0.1% below ER)

അളവ് പുസ്തകം: 140/18-19

മൂല്യനിർണ്ണയം: 128978

(-)0.1% below: 128.98

ബാക്കി: 128849 ( ബിൽ നംപർ 82/18-19/27.3.19)

നികുതി: 2578

കരാറുകാരന്:    126271 രൂപ

ഇനം (6) പ്രകാരം 22.00 m2 വിസ്തീർണ്ണത്തിൽ 0.45mm G I colour powder coated traffored sheet(TATA) മേഞ്ഞതിന് 809.44/m2 നിരക്കിൽ 17807.68 രൂപ നൽകിയിട്ടുണ്ട്. എന്നാൽ, 2-3-2020 ന് ഓവർസീയറുടെ സാന്നിദ്ധ്യത്തിൽ നടത്തിയ സ്ഥലപരിശോധനയിൽ 0.30mm കനത്തിലുള്ള sheet ഉപയോഗിച്ചാണ് മേഞ്ഞിട്ടുള്ളത് എന്ന് വ്യക്തമായി.

2) മൂലേപ്പാടം അംഗനവാടി അടിസ്ഥാന സൗകര്യം മെച്ചപ്പെടുത്തൽ 145/19

അടങ്കൽ: 350000 രൂപ

കൺവീനർ : ശ്രീമതി ലീലാമ്മ

കരാർ: 72/AE/18-19/12-18-19

അളവ് പുസ്തകം: 142/18-19, 145/18-19

മൂല്യനിർണ്ണയം:    332261 ( ബിൽ നംപർ 79/18-19/27.3.19)

നികുതി:    16614

കൺവീനർക്ക്:    315647രൂപ

ഇനം (13) പ്രകാരം 50.82 m2 (58.46m2 ലിമിറ്റ് ചെയ്തത്)വിസ്തീർണ്ണത്തിൽ 0.45mm G I colour powder coated traffored sheet(TATA) മേഞ്ഞതിന് 756.65/m2 നിരക്കിൽ 38452.95 രൂപ നൽകിയിട്ടുണ്ട്. എന്നാൽ, 2-3-2020 ന് ഓവർസീയറുടെ സാന്നിദ്ധ്യത്തിൽ നടത്തിയ സ്ഥലപരിശോധനയിൽ 0.35mm കനത്തിലുള്ള sheet(ഡെക്കാൻ) ഉപയോഗിച്ചാണ് മേഞ്ഞിട്ടുള്ളത് എന്ന് വ്യക്തമായി.

GO(P) 13/2012/PWD/01-01-2012 പ്രകാരമുള്ള കേരളപൊതുമരാമത്ത് മാന്വലിലെ സെക്ഷൻ 2211.2 പ്രകാരം അംഗീകൃത സ്പെസിഫിക്കേഷൻ പ്രകാരമുള്ള അളവ് മാത്രമേ രേഖപ്പെടുത്താൻ പാടുള്ളൂ എന്നും ഗുണനിലവാരം കുറഞ്ഞവ രേഖപ്പെടുത്താൻ പാടില്ല എന്നും വ്യക്തമാക്കിയിട്ടുണ്ട്. എന്നിട്ടും, എസ്റ്റിമേറ്റ് പ്രകാരമല്ലാത്ത, ഗുണനിലവാരം കുറഞ്ഞ പ്രവൃത്തിക്ക് മേൽ പ്രകാരം തുക നൽകിയതിന് വിശദീകരണം നൽകേണ്ടതാണെന്നാവശ്യപ്പെട്ട് നൽകിയ 13/5-3-2020 നംപർ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ എസ്റ്റിമേറ്റ് പ്രകാരമല്ലാത്ത ഗുണനിലവാരം കുറഞ്ഞ ഷീറ്റ് പൊളിച്ചുമാറ്റി, എസ്റ്റിമേറ്റ് പ്രകാരമുള്ള ഷീറ്റ് കരാറുകാരന്റെ സ്വന്തം ചെലവിൽ മേയാൻ നടപടി സ്വീകരിച്ച് അറിയിക്കേണ്ടതാണ്.

## 1-29 സിംഗിൾ സെക്ഷൻ പ്രവൃത്തിക്ക് ട്രസ്സ് വർക്കിനുള്ള നിരക്ക് നൽകി; നഷ്ടം 8889 രൂപ

പ്രവൃത്തി: മൂലേപ്പാടം അംഗനവാടി അടിസ്ഥാന സൗകര്യം മെച്ചപ്പെടുത്തൽ 145/19

അടങ്കൽ: 350000 രൂപ

കൺവീനർ : ശ്രീമതി ലീലാമ്മ

കരാർ: 72/AE/18-19/12-18-19

അളവ് പുസ്തകം: 142/18-19, 145/18-19

മൂല്യനിർണ്ണയം: 332261 ( ബിൽ നംപർ 79/18-19/27.3.19)

നികുതി: 16614

കൺവീനർക്ക്: 315647രൂപ

മേൽ പ്രവൃത്തിയിൽ മേൽക്കൂര സ്റ്റീൽ പൈപ്പ് ഉപയോഗിച്ച് നിർമ്മിക്കുന്നതിന് തയ്യാറാക്കിയ എസ്റ്റിമേറ്റിൽ ട്രസ്സ് വർക്കിന് ബാധകമായ നിരക്കാണ് (code 50.10.1), നൽകിയിട്ടുള്ളത്. എന്നാൽ ഇവിടെ സിംഗിൾ സെക്ഷൻ പ്രവൃത്തി മാത്രമാണ് ചെയ്തിട്ടുള്ളത് എന്ന് ഓവർസീയറുടെ സാന്നിധ്യത്തിൽ 2-3-2020 ന് പ്രവൃത്തി സ്ഥലം സന്ദർശിച്ചപ്പോൾ വ്യക്തമായി. ആയത് പ്രകാരം മേൽ ഇനത്തിന് സിംഗിൾ സെക്ഷൻ പ്രവൃത്തിക്ക് ബാധകമായ DSR കോഡ് 50.10.2 ഡാറ്റ അനുസരിച്ചുള്ള നിരക്ക് മാത്രമാണ് നൽകാവുന്നത്. എന്നാൽ മേൽ പ്രവൃത്തിയിൽ ട്രസ്സ് വർക്കിനുള്ള അധിക നിരക്ക് നൽകിയത് മൂലം 8889 രൂപയുടെ നഷ്ടം സംഭവിച്ചിട്ടുണ്ട്. വിശദാംശം ഈ റിപ്പോർട്ടിന്റെ ഭാഗം 3 ൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

## 1-30 പണിസ്ഥലത്തുനിന്ന് പൊളിച്ചുമാറ്റിയ സാധനങ്ങൾ പുനരുപയോഗിച്ചില്ല/ ലേലം ചെയ്തില്ല.

നി.ഉദ്യോഗസ്ഥൻ. അസി.എഞ്ചിനീയർ

താഴെ പറയുന്ന മരാമത്ത് പ്രവൃത്തിയിൽ നിന്നും പൊളിച്ചെടുത്ത സാധനങ്ങൾ പുനരുപയോഗിക്കുകയോ ലേലം നടത്തി പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽക്കൂട്ടുകയോ ചെയ്തിട്ടില്ല.വിശദാംശം താഴെ കൊടുക്കുന്നു.

| ക്ര.നം | പ്രവൃത്തി | ഇനം | പൊളിച്ചു മാറ്റിയ സാധനം | നൽകിയ തുക |
|---|---|---|---|---|
| 1 | 1) പെരുവമ്പാടം അംഗനവാടി റിപ്പയർ 181/18,174/19.<br>അടങ്കൽ: 350000 രൂപ (MGNR)<br>കൺവീനർ: ജെസ്സി ജോസഫ് | 1<br>2 | മേൽക്കൂര(ഓട്, മരം എന്നിവ)63.554 m2.<br>ചെങ്കല്ല് 3.135 m3 | ഓട് അംഗനവാടിക്ക് സമീപം സ്റ്റാക്ക് ചെയ്തിട്ടുണ്ട്. മരം സ്റ്റാക്ക് ചെയ്തതായി കാണുന്നില്ല.<br>ഇനം (6) പ്രകാരം 6.29 m3 ചെങ്കൽ പടവ് നടത്തുകയും ആയതിന് 6382.8/m3 നിരക്കിൽ 40147/.00 രൂപ അനുവദിക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ, 2-3-2020 ന് നടത്തിയ സ്ഥലപരിശോധനയിൽ, മേൽപ്രകാരം പൊളിച്ചെടുത്ത ചെങ്കല്ലുകളുപയോഗിച്ചാണ് ചെങ്കൽ പടവ് നടത്തിയതെന്ന് വിശദീകരിക്കപ്പെട്ടു. |

| | | | | |
|---|---|---|---|---|
| | കരാർ: 67/17-18/11-1-2018<br><br>അളവ് പുസ്തകം: 203/17-18, 202/17-18<br><br>ചെലവ്: 350000രൂപ (ബിൽ നംപർ 5/18-19/31-5-18)<br><br>മൂല്യനിർണ്ണയം: 350000<br><br>(-) IT @ 2% 7000<br><br>(-)WF @ 1% 3500<br><br>കൺവീനർക്ക് 339500 | | | |
| | 2)കല്ലുണ്ട ബദൽ സ്കൂൾ നിർമാണം 230/18,186/19.<br><br>അടങ്കൽ: 675000 രൂപ<br><br>കൺവീനർ: ഷൈനി സജി<br><br>കരാർ: 83/17-18/7-3-2018<br><br>അളവ് പുസ്തകം: 53/18-19, 266/17-18<br><br>ചെലവ്: 641250രൂപ | 1<br>2<br>3<br>6 | roofing(wood, asbastosh sheet)<br><br>120.84m2<br><br>steel work: 200kg<br><br>G I pipe: 101.60 m<br><br>door 1<br><br>window 1<br><br>grill 2 | Form 17 പ്രകാരമുള്ള സർവ്വേ റിപ്പോർട്ടിൽ 16619 രൂപ മൂല്യനിർണ്ണയം നടത്തിയിട്ടുണ്ട്.<br><br>പ്രവൃത്തിയുടെ ആകെ മൂല്യനിർണ്ണയം 675000 രൂപയാണെങ്കിലും 641250 രൂപയിൽ പരിമിതപ്പെടുത്തിയാണ് നൽകിയിരിക്കുന്നത്.അപ്രകാരം നൽകിയതിന്റെ വിശദീകരണവും നൽകേണ്ടതാണ്. |

| | | | | |
|---|---|---|---|---|
| | (ബിൽ നംപർ 29/18-19/29-11-18)<br>മൂല്യനിർണ്ണയം: 675000<br>തുക നൽകിയത് 641250<br>(-) IT @ 2% 12825<br>(-)WF @ 1% 6413<br>കൺവീനർക്ക് 622012 | | | |

മേൽ അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണെന്നാവശ്യപ്പെട്ട് നൽകിയ 19/5-3-2020 നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ മേൽ പട്ടിക പ്രകാരമുള്ളവ ലേലം ചെയ്യാൻ നടപടി സ്വീകരിക്കേണ്ടതും ക്രമ നംപർ (1) ലെ ഇനം (2) പ്രകാരമുള്ള ചെങ്കല്ലിന്റെ വില കരാറുകാരനിൽ നിന്നീടാക്കാൻ നടപടി സ്വീകരിച്ച് അക്കാര്യം അറിയിക്കേണ്ടതുമാണ്.

## 1-31 അംഗനവാടികൾ - അടിസ്ഥാന സൗകര്യം മെച്ചപ്പെടുത്തേണ്ടതാണ്

ചാലിയാർ ഗ്രാമപഞ്ചായത്തിലെ അംഗനവാടികളിലെ അടിസ്ഥാന സൗകര്യങ്ങൾ സംബന്ധിച്ച് പരിശോധിച്ചതിൽ താഴെ പറയുന്ന വസ്തുതകൾ വെളിവായി

1)അടിസ്ഥാന സൗകര്യങ്ങളില്ലാതെ പ്രവർത്തിക്കുന്നു

ഗ്രാമപഞ്ചായത്തിലെ നം.49ആറങ്കോട് അംഗനവാടി പ്രവർത്തിക്കുന്നിടം സന്ദർശനം നടത്തിയതിൽ ഒരു ടെറസ് വീടിന്റെ പാതി അലുമിനിയം ഷീറ്റുമേഞ്ഞ മുൻവശത്ത് വെയിലത്ത് ചുട്ടുപഴുത്ത അന്തരീക്ഷത്തിൽ അംഗനവാടി പ്രവർത്തിക്കുന്നത് ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ടു.സിമന്റ് കട്ടകൾ പാകിയ നിലത്ത് പായയിൽ ഇരുന്നാണ് കുട്ടികൾ പഠനം നടത്തുന്നത്.പാചകം ചെയ്യുന്നതിനും സാധന സാമഗ്രികൾ സൂക്ഷിക്കുന്നതിനും തൊട്ടടുത്തുള്ള ഒറ്റ മുറികട ഉപയോഗിക്കുന്നു.അന്വഷണത്തിൽ തീർത്തും അടിസ്ഥാന സൗകര്യമില്ലാത്ത വാടക കെട്ടിടത്തിലാണ് അംഗനവാടി പ്രവർത്തിച്ചു വരുന്നതെന്ന് വെളിവായി. കെട്ടിടം നിർമ്മിക്കുന്നതിന് തൊട്ടടുത്ത് കണ്ണംകുണ്ട് എന്ന സ്ഥലത്ത് പത്ത് സെന്റ് സ്ഥലം ലഭ്യമായിട്ടുണ്ടെന്നും ജീവനക്കാർ അറിയിച്ചു.എന്നാൽ 2019-20 വർഷത്തിലും കെട്ടിടനിർമ്മാണത്തിനായി പദ്ധതി തയ്യാറാക്കിയിട്ടില്ലെന്ന് ബോധ്യമായി.15 കുട്ടികൾ ഈ അംഗനവാടിയിൽ രജിസ്റ്റർ ചെയ്തിട്ടുണ്ട്.

നം.47 ഫോർത്ത് ബ്ലോക്ക് , നം. 54 കുറുംകുളം അംഗനവാടികളും നിലവിൽ വാടക കെട്ടിടത്തിലാണ് പ്രവർത്തിച്ച വരുന്നത്.

2) നം.36 കുന്നത്ത്ചാൽ നം.41 മണ്ണൂപ്പാടം ,നം.38 വെട്ടേക്കോട് എന്നീ അംഗനവാടികൾ പഴയ കെട്ടിടത്തിലാണ് നിലവിൽ പ്രവർത്തിച്ച വരുന്നതെന്ന് അന്വേഷണത്തിൽ വെളിവായി.38 കുട്ടികളുള്ള മണ്ണൂപ്പാടം അംഗവാടിയുടെ മേൽക്കൂരയിൽ മരത്തിന്റെ കഴുക്കോൽ മാറ്റി കമ്പിയാക്കിയിട്ടുണ്ട്.സ്ഥലപരിമിതിയുണ്ട്. നിലവിൽ ഫിറ്റ്നസ് സർട്ടിഫിക്കറ്റ് അസി.എഞ്ചിനീയർ നൽകിയിട്ടുണ്ടെങ്കിലും കെട്ടിടം പുനർ നിർമ്മിക്കേണ്ടത് അനിവാര്യമാണെന്ന് നിർവ്വഹണ ഉദ്യോഗസ്ഥ അറിയിച്ച.

നം.44 മൈലാടി അംഗനവാടിയിൽ സ്വന്തമായി ടോയ്‌ലറ്റ് ഇല്ല. തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി നിലവിൽ ടോയ്‌ലറ്റ് നിർമ്മിക്കാവുന്നതാണ്.

3)താഴെ പറയുന്ന അംഗനവാടികളിൽ വൈദ്യുതി ലഭ്യമല്ല

നം.45 പെരുമ്പത്തൂർ,നം.33പാലക്കയം,നം.51മുട്ടിയേൽ ,നം.35വാളംതോട്. വാളംതോട് അംഗനവാടിയിലെ വൈദ്യുതി കണക്ഷൻ വിഛേദിക്കപ്പെടുകയായിരുന്നുവെന്ന് വ്യക്തമായി.

4)നം.52 എളമ്പിലാക്കോട് ,നം.53എരഞ്ഞിമങ്ങാട് ,നം.34 പെരുവമ്പാടം കോളനി അംഗനവാടികളിൽ സ്വന്തമായി കിണറില്ല. പെരുവമ്പാടം കോളനി അംഗനവാടി കോളനിയിലെ പഞ്ചായത്ത് കിണറിലെ വെള്ളമുപയോഗിച്ചും,മറ്റുള്ളവ തൊട്ടടുത്ത വീടുകളിലെ കിണറുകളെ ആശ്രയിച്ചുമാണ് പ്രവർത്തിക്കുന്നത്. കിണർ കുഴിച്ചാൽ വെള്ളം കിട്ടുന്ന സാഹചര്യമാണുള്ളതെന്ന് നിർവ്വഹണ ഉദ്യോഗസ്ഥ അറിയിച്ചു. തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി നിലവിൽ കിണർ നിർമ്മിക്കാവുന്നതും ആൾമറകെട്ടാവുന്നതുമാണ്.

അംഗനവാടികളുടെ അവസ്ഥ സംബന്ധിച്ച് 05.03.2020 ന് നടന്ന എക്സിറ്റ് മീററിംഗിൽ ഭരണസമിതിയുടെ ശ്രദ്ധയിൽപ്പെടുത്തി.ഇക്കാര്യത്തിൽ സാധ്യമായതെല്ലാം ചെയ്യുമെന്ന് മറുപടിയായി അറിയിച്ചു.

# ഭാഗം -3

# ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

## [KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

## 3-1 Top belt കോൺക്രീറ്റിനുള്ള ഫോം വർക്കിന് അധികനിരക്ക് അനുവദിച്ചു. നഷ്ടം 14943/-രൂപ.

നിർവ്വഹണോദ്യോഗസ്ഥൻ: അസിസ്റ്റന്റ് എഞ്ചിനീയർ.

2018-19 വർഷത്തിൽ നടപ്പാക്കിയ താഴെ പറയുന്ന പ്രവൃത്തിയിൽ സംരക്ഷണഭിത്തിയുടെ top belt കോൺക്രീറ്റിനുള്ള സെന്ററിംഗ് പ്രവൃത്തിക്ക് DSR Code 4.3.2 പ്രകാരമുള്ള ഉയർന്ന നിരക്ക് നൽകിയതായി കാണുന്നു. യഥാർത്ഥത്തിൽ ഈ ഇനം പ്രവൃത്തിക്ക് DSR Code 5.9.1 പ്രകാരമുള്ള നിരക്കിന് മാത്രമേ അർഹതയുള്ളൂ. ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ ഇത്തരത്തിലുള്ള മറ്റു

പ്രവൃത്തികൾക്ക് DSR Code 5.9.1പ്രകാരമുള്ള നിരക്കാണ് അനുവദിച്ചിട്ടുള്ളത്. എന്നാൽ താഴെ പറയുന്ന പ്രവൃത്തിക്ക് DSR Code 4.3.2 പ്രകാരമുള്ള ഉയർന്ന നിരക്ക് നൽകിയതായി കാണുന്നു. ഉയർന്ന നിരക്ക് അനുവദിച്ചതു മൂലം വന്ന അധിക ചെലവിന്റെ വിശദാംശം ചുവടെ ചേർക്കുന്നു.

1) <u>വാട്ടർ ടാങ്ക്- വാസുദേവൻ പടി റോഡ് 169/18, 168/19</u>

കരാറുകാരൻ: ജാബിർ റഷീദ് ടി

കരാർ: 33/AE17-18/9-11-17 (25.10%below)

അളവ് പുസ്തകം: 196/17-18

അറ്റ മൂല്യനിർണ്ണയം: 37343 രൂപ(ട്രഷറി ബിൽ നംപർ 3/18-19/31-5-18)

(-) നികുതി: 7468

കരാറുകാരന് : 365963

വിശദവിവരം ചുവടെ ചേർക്കുന്നു

| എസ്റ്റിമേറ്റ് ഇനം | ചെയ്ത അളവ് | അനുവദിക്കാവുന്നത് DSR(2016) 5.9..1 @40.20% cost index | അനുവദിച്ചത് DSR (2014)4.3.2 @40.20% cost index | അധികം |
|---|---|---|---|---|
| സംരക്ഷണഭിത്തിയുടെ top belt കോൺക്രീറ്റിനുള്ള സെന്ററിംഗ് പ്രവൃത്തി(എസ്റ്റിമേറ്റ് ഇനം(8) | 59.87$M^2$ | 197.25/M2 (271.917-27.46% below) = 11809.297 | 385.00/$M^2$ (ക്വോട്ട് ചെയ്ത നിരക്ക്, 27.46% below ER) =23049.95 | 11241 രൂപ |

2) മൂലേപ്പാടം അംഗനവാടി അടിസ്ഥാന സൗകര്യം മെച്ചപ്പെടുത്തൽ 145/19

അടങ്കൽ: 350000 രൂപ

കൺവീനർ : ശ്രീമതി ലീലാമ്മ

കരാർ: 72/AE/18-19/12-18-19 (എസ്റ്റിമേറ്റ് റേറ്റ്)

അളവ് പുസ്തകം: 142/18-19, 145/18-19

മൂല്യനിർണ്ണയം: 332261 ( ബിൽ നംപർ 79/27.3.19)

നികുതി: 16614

കൺവീനർക്ക്: 315647രൂപ

| എസ്റ്റിമേറ്റ് ഇനം | ചെയ്ത അളവ് | അനുവദിക്കാവുന്നത് DSR(2014) 5.9..1 @37.25% cost index | അനുവദിച്ചത് DSR (2014)4.3.2 | അധികം |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| | | | @37.25% cost index | |
| സംരക്ഷണഭിത്തിയുടെ top belt (വരാന്ത, മതിൽ) കോൺക്രീറ്റിനുള്ള സെന്ററിംഗ് പ്രവൃത്തി(എസ്റ്റിമേറ്റ് ഇനം(3) | $15.84M^2$ | 252.05/M2 = 3992.47 | $485.74/M^2$ (കൺവീനർ പ്രവൃത്തി) =7694.12 കുറിപ്പ്: 462.84 ന് പകരം $485.74/M^2$ ആണ് അനുവദിച്ചത് | 3702 രൂപ |

ഉയർന്ന നിരക്ക് അനുവദിച്ചതിനും 14943/-രൂപ ( 11241+ 3702 ) അധികച്ചെലവ് വരുത്തിയതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണെന്നാവശ്യപ്പെട്ട് നൽകിയ 6/4-3-2020 നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ അധികം നൽകിയ 14791/-രൂപ കരാറുകാരിൽ നിന്നോ അല്ലാത്ത പക്ഷം ഉത്തരവാദിയായ അസിസ്റ്റന്റ് എഞ്ചിനീയറിൽ നിന്നോ ഈടാക്കേണ്ടതാണ്.

## 3-2 ഡ്രൈനേജ് സൈഡ് വാളിന്റെ കോൺക്രീറ്റിനുള്ള ഫോം വർക്കിന് അധികനിരക്ക് അനുവദിച്ചു. നഷ്ടം 90524/-രൂപ

നിർവ്വഹണോദ്യോഗസ്ഥൻ: അസിസ്റ്റന്റ് എഞ്ചിനീയർ.

2018-19 വർഷത്തിൽ ഗ്രാമ പഞ്ചായത്ത് നടപ്പാക്കിയ വിവിധ മരാമത്ത് പ്രവൃത്തികളിൽ ഡ്രയിനേജ് സൈഡ് വാളിന്റെ കോൺക്രീറ്റിനുള്ള സെന്ററിംഗ് പ്രവൃത്തിക്ക് DSR Code 5.9.2 പ്രകാരമുള്ള ഉയർന്ന നിരക്ക് നൽകിയതായി കാണുന്നു. യഥാർത്ഥത്തിൽ ഈ ഇനം പ്രവൃത്തി പ്ലിന്ത് ലെവൽ വരെ മാത്രമുള്ളതായതിനാൽ DSR Code 4.3.1 പ്രകാരമുള്ള നിരക്കിന് മാത്രമേ അർഹതയുള്ളൂ. 2-3-2020 ന് ഓവർസീയറുടെ സാന്നിദ്ധ്യത്തിൽ നടത്തിയ സ്ഥലപരിശോധനയിൽ സൈഡ് വാൾ കോൺക്രീറ്റ് അപ്രകാരമാണ്(പ്ലിന്ത് ലെവൽ വരെ) ചെയ്തതെന്ന് ബോധ്യപ്പെടുകയും ഓവർസീയർ സ്ഥലപരിശോധനാ റിപ്പോർട്ടിൽ ഇക്കാര്യം അംഗീകരിക്കുകയും ചെയ്തിട്ടുണ്ട്. ഉയർന്ന നിരക്ക് അനുവദിച്ചതു മൂലം വന്ന അധിക ചെലവിന്റെ വിശദാംശംചുവടെചേർക്കുന്നു.

1) <u>അകമ്പാടം കുറ്റിക്കോട് റോഡ് ടാറിംഗ്, 174/18,171/19.</u>

കരാറുകാരൻ: ശ്രീ പി കെ ഹുസ്സൈൻ

കരാർ: 5/AE/17-18/31-10-17 (0.3% below ER)

അളവ് പുസ്തകം: 176/17-18,177/17-18, 179/17-18

മൂല്യനിർണ്ണയം: 494246 രൂപ(ട്രഷറി ബിൽ നംപർ 10/18-19/5-7-18)

(-) നികുതി: 9884

കരാറുകാരന്: 484362

വിശദവിവരം ചുവടെ ചേർക്കുന്നു

| എസ്റ്റിമേറ്റ് ഇനം | ചെയ്ത അളവ് | അനുവദിക്കാവുന്നത് DSR(2016) 4.3.1 @40.20% cost index | അനുവദിച്ചത് DSR (2014)5.9.2 @40.20% cost index | അധികം |
|---|---|---|---|---|
| ഡ്രൈനേജ് സൈഡ്‌വാൾ കോൺക്രീറ്റിന് ഫോം വർക്ക് (എസ്റ്റിമേറ്റ് ഇനം(2.7) | 77.49$M^2$ | 271.10/M2 (0.3% below of 271.91/$M^2$) = 21007.53 | 529.00/$M^2$ (0.3% below) =40992.21 | 19985 രൂപ |

2) മണ്ണപ്പാടം ജലധാര റോഡ് ഡ്രൈനേജ് 161/18,164/19.

കരാറുകാരൻ: ശ്രീ പി കെ ഹുസൈൻ

കരാർ: 8/AE/17-18/31-10-17 (ER)

അളവ് പുസ്തകം: 172/17-18

മൂല്യനിർണ്ണയം: 200000 രൂപ(ട്രഷറി ബിൽ നംപർ 8/18-19/5-7-18)

(-) നികുതി: 4000

കരാറുകാരന്: 196000

വിശദവിവരം ചുവടെ ചേർക്കുന്നു

| എസ്റ്റിമേറ്റ് ഇനം | ചെയ്ത അളവ് | അനുവദിക്കാവുന്നത് DSR(2016) 4.3.1 @40.20% cost index | അനുവദിച്ചത് DSR (2014)5.9.2 @40.20% cost index | അധികം |
|---|---|---|---|---|
| ഡ്രൈനേജ് സൈഡ്‌വാൾ കോൺക്രീറ്റിന് ഫോം വർക്ക് (എസ്റ്റിമേറ്റ് ഇനം(4) | 60.00$M^2$ | 271.91/M2 = 16314.60 | 530.80/$M^2$ =31848.00 | 15533 രൂപ |

3) അകമ്പാടം തിയേറ്റർ റോഡ് ടാറിംഗ് 173/18,170/19.

കരാറുകാരൻ: ശ്രീ നജീബുദ്ധീൻ

കരാർ: 35/AE/17-18/19-11-17 (ER)

അളവ് പുസ്തകം: 208/17-18,

മൂല്യനിർണ്ണയം: 393474 രൂപ(ട്രഷറി ബിൽ നംപർ 4/18-19/31-5-18)

(-) നികുതി: 7870

കരാറുകാരന്:             385604

വിശദവിവരം ചുവടെ ചേർക്കുന്നു

| എസ്റ്റിമേറ്റ് ഇനം | ചെയ്ത അളവ് | അനുവദിക്കാവുന്നത് DSR(2016) 4.3.1 @40.20% cost index | അനുവദിച്ചത് DSR (2014)5.9.2 @40.20% cost index | അധികം |
|---|---|---|---|---|
| ഡ്രൈനേജ് സൈഡ്‌വാൾ കോൺക്രീറ്റിന് ഫോം വർക്ക് (എസ്റ്റിമേറ്റ് ഇനം(6) | 62.93$M^2$ | 271.91/M2<br>= 17111.29 | 530.80/$M^{2x62.937/M2}$<br>=33406.96 | 16296<br>രൂപ |

4) പെരുവമ്പാടംST കോളനി റോഡ് ഡ്രൈനേജ് 140/19.

കരാറുകാരൻ: ശ്രീ അസീസ് ഇ എം

കരാർ: 7/AE/18-19/22-5-18 (ER)

അളവ് പുസ്തകം: 72/18

മൂല്യനിർണ്ണയം:             174021 രൂപ(ട്രഷറി ബിൽ നംപർ 15/18-19/17-7-18)

(-) നികുതി:             3480

കരാറുകാരന്:             170541

വിശദവിവരം ചുവടെ ചേർക്കുന്നു

| എസ്റ്റിമേറ്റ് ഇനം | ചെയ്ത അളവ് | അനുവദിക്കാവുന്നത് DSR(2016) 4.3.1 @37.25% cost index | അനുവദിച്ചത് DSR (2014)5.9.2 @37.25% cost index | അധികം |
|---|---|---|---|---|
| ഡ്രൈനേജ് സൈഡ്‌വാൾ കോൺക്രീറ്റിന് ഫോം വർക്ക് (എസ്റ്റിമേറ്റ് ഇനം(4) | 35.72$M^2$ | 266.19/M2<br>= 9508.30 | 519.63/$M^2$<br>=18561.18 | 9053<br>രൂപ |

5) ചെട്ടിയംപാറ മൈലംപാറ റോഡ് 48/19.

കരാറുകാരൻ: ശ്രീ അസീസ് ഇ എം

കരാർ: 46/AE/18-19/30-9-18(21.09% below ER)

അളവ് പുസ്തകം: 102/18-19

മൂല്യനിർണ്ണയം:             512407 രൂപ(ട്രഷറി ബിൽ നംപർ 52/18-19/16-1-19)

(-) നികുതി: 20496

കരാറുകാരന്: 491911

വിശദവിവരം ചുവടെ ചേർക്കുന്നു

| എസ്റ്റിമേറ്റ് ഇനം | ചെയ്ത അളവ് | അനുവദിക്കാവുന്നത് DSR(2016) 4.3.1 @37.25% cost index | അനുവദിച്ചത് DSR (2014)5.9.2 @37.25% cost index | അധികം |
|---|---|---|---|---|
| ഡ്രൈനേജ് സൈഡ്‌വാൾ കോൺക്രീറ്റിന് ഫോം വർക്ക് (എസ്റ്റിമേറ്റ് ഇനം(4) | 148.33M$^2$ | 210.06/M2 (21.09% below of 266.19/m2) = 31158.19 | 410/M$^2$ (21.09% below of 519.63) =60815.30 | 29657 രൂപ |
| | | | ആകെ | 89799 രൂപ |

ഉയർന്ന നിരക്ക് അനുവദിച്ചതിനും 90524/-രൂപ (19985+15533+16296+9053+29657) അധികച്ചെലവ് വരുത്തിയതിനും വിശദീകരണം ലഭ്യമാക്കേണ്ടതാണെന്നാവശ്യപ്പെട്ട് നൽകിയ 8/4-3-2020 നംപർ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ അധികം നൽകിയ 89799/-രൂപ കരാറുകാരിൽ നിന്നോ അല്ലാത്ത പക്ഷം ഉത്തരവാദിയായ അസിസ്റ്റന്റ് എഞ്ചിനീയറിൽ നിന്നോ ഈടാക്കേണ്ടതാണ്.

## 3-3 ചെയ്യാത്ത പ്രവൃത്തിക്ക് തുക നൽകി; നഷ്ടം 6797 രൂപ.

നിർവ്വഹണോദ്യോഗസ്ഥൻ: അസിസ്റ്റന്റ് എഞ്ചിനീയർ
പ്രവൃത്തി: മണ്ണപ്പാടം ജലധാര റോഡ് ഡ്രൈനേജ് 161/18,164/19.

കരാറുകാരൻ: ശ്രീ പി കെ ഹുസൈൻ

കരാർ: 8/AE/17-18/31-10-17 (ER)

അളവ് പുസ്തകം: 172/17-18

മൂല്യനിർണ്ണയം: 200000 രൂപ(ട്രഷറി ബിൽ നംപർ 8/18-19/5-7-18)

(-) നികുതി: 4000

കരാറുകാരന്: 196000

മേൽ പ്രവൃത്തിയുടെ 5-ാം ഇനം ഡ്രൈനേജ് കോൺക്രീറ്റ് വാളിന്റെ സിമെന്റ് തേപ്പ് ആണ്. ആയത് 29.99 m2 ചെയ്തതായി അളവ് പുസ്തകം പേജ് 6 ൽ 18-4-2018 ന് രേഖപ്പെടുത്തുകയും അപ്രകാരം ചെയ്തതിന് 226.58 രൂപ നിരക്കിൽ 6796.80 രൂപ കരാറുകാരന് നൽകുകയും ചെയ്തിട്ടുണ്ട്. എന്നാൽ, 2-3-2020 ന് ഓവർസീയറുടെ സാന്നിദ്ധ്യത്തിൽ നടത്തിയ സ്ഥലപരിശോധനയിൽ സൈഡ് വാൾ

കോൺക്രീറ്റിൽ സിമെന്റ് തേപ്പ് നടത്തിയിട്ടില്ലെന്ന് ബോധ്യപ്പെട്ടു. ചെയ്യാത്ത പ്രവൃത്തിക്ക് കരാറുകാരന് തുക നൽകിയതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണെന്നാവശ്യപ്പെട്ട് നൽകിയ 9/4-3-2020 നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ അധികം നൽകിയ 6797/-രൂപ കരാറുകാരിൽ നിന്നോ അല്ലാത്ത പക്ഷം ചെയ്യാത്ത പ്രവൃത്തിയുടെ അളവ് രേഖപ്പെടുത്തിയ 18-4-2018 ലെ അസിസ്റ്റന്റ് എഞ്ചിനീയറിൽ നിന്നോ ഈടാക്കേണ്ടതാണ്. കൂടാതെ ചെയ്യാത്ത പ്രവൃത്തിയുടെ അളവ്, അളവ് പുസ്തകത്തിൽ രേഖപ്പെടുത്തിയതിന് വിശദീകരണം നൽകേണ്ടതുമാണ്.

# 3-4 ഗുണഭോക്തൃസമിതി മുഖേന നിർവ്വഹണം നടത്തിയ മരാമത്ത് പ്രവൃത്തിയുടെ ബില്ലിൽ നിന്നും 5% കുറവ് ചെയ്തില്ല.

നിർവ്വഹണോദ്യോഗസ്ഥൻ: അസിസ്റ്റന്റ് എഞ്ചിനീയർ.

ജി.ഒ (പി)30/2016 ഫിൻ തീ. 29.02.2016 പ്രകാരം ഗുണഭോക്തൃ സമിതികൾ മുഖേന നടപ്പിലാക്കുന്ന പ്രവൃത്തികൾക്ക് 7.5% ഓവർഹെഡ് ചാർജ് നൽകാമെന്നും, ആവശ്യമായ നികുതികൾ ഗുണഭോക്തൃ സമിതികളിൽ നിന്നും ഈടാക്കണമെന്നും ഉത്തരവായിട്ടുള്ളതാണ്. PRICE സോഫ്റ്റ് വെയറിൽ തയ്യാറാക്കുന്ന എസ്റ്റിമേറ്റുകളിൽ 7.5% ഓവർഹെഡ് ചാർജ് ഉൾപ്പെട്ടിട്ടുണ്ട്. 01.07.2017 മുതൽ GST നിലവിൽ വന്നിട്ടുള്ളതിലാൽ 5% VAT ഈടാക്കേണ്ടതില്ലെന്നും 5% തുക കുറവ് ചെയ്തതിനു ശേഷം തുക അനുവദിച്ചാൽ മതിയെന്നും കേരള തദ്ദേശ സ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയർ കേരള തദ്ദേശ സ്വയംഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിക്ക് അയച്ച നം.ഡിബി3-9058/17/ സിഇ/ltസ്വഭവ തീ.16.03.2018 കത്തിലൂടെ വ്യക്തമാക്കിയിട്ടുണ്ട്. 2017-18 വർഷത്തിൽ ഗുണഭോക്തൃസമിതി മുഖേന നിർവ്വഹണം നടത്തിയ താഴെപ്പറയുന്ന പ്രവൃത്തിയിൽ നിന്നും മേൽ സൂചിപ്പിച്ച പ്രകാരം 5% തുക ബില്ലിൽ നിന്നും കുറവ് ചെയ്യാതെ തുക അനുവദിച്ചതായി കാണുന്നു. വിശദവിവരം താഴെ ചേർക്കുന്നു.

1) <u>പെരുവമ്പാടം അംഗനവാടി റിപ്പയർ 181/18,174/19.</u>

അടങ്കൽ: 350000 രൂപ (MGNR)

കൺവീനർ: ജെസ്സി ജോസഫ്

കരാർ: 67/17-18/11-1-2018

അളവ് പുസ്തകം: 203/17-18, 202/17-18

ചെലവ്: 350000രൂപ (ബിൽ നംപർ 5/18-19/31-5-18)

മൂല്യനിർണ്ണയം: 350000

(-) IT @ 2% 7000

(-)WF @ 1% 3500

കൺവീനർക്ക് 339500

2) <u>കല്ലുണ്ട ബദൽ സ്കൂൾ നിർമാണം 230/18,186/19</u>.

അടങ്കൽ: 675000 രൂപ

കൺവീനർ: ഷൈനി സജി

കരാർ: 83/17-18/7-3-2018

അളവ് പുസ്തകം: 53/18-19, 266/17-18

ചെലവ്: 641250രൂപ (ബിൽ നംപർ 29/18-19/29-11-18)

മൂല്യനിർണ്ണയം: 675000

തുക നൽകിയത് 641250

(-) IT @ 2% 12825

(-)WF @ 1% 6413

കൺവീനർക്ക് 622012

ക്രമപ്രകാരം ബില്ലിൽ നിന്നും 5% കുറവ് ചെയ്യാതിരുന്നതു മൂലം 49563 രൂപ( 17,500+32063) ഗുണഭോക്തൃ സമിതിക്ക് അധികം നൽകാനിടയായിട്ടുണ്ട്. ആയതിന് വിശദീകരണം നൽകേണ്ടതാണെന്നാവശ്യപ്പെട്ട് നൽകിയ 11/4-3-2020 നംപർ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ അധികം നൽകിയ 49563/-രൂപ കൺവീനർമാരിൽ നിന്നോ അല്ലാത്ത പക്ഷം ഉത്തരവാദിയായ അസിസ്റ്റന്റ് എഞ്ചിനീയറിൽ നിന്നോ ഈടാക്കേണ്ടതാണ്.

## 3-5 സിംഗിൾ സെക്ഷൻ പ്രവൃത്തിക്ക് ട്രസ്സ് വർക്കിനുള്ള നിരക്ക് നൽകി; നഷ്ടം 8889 രൂപ

പ്രവൃത്തി: മൂലേപ്പാടം അംഗനവാടി അടിസ്ഥാന സൗകര്യം മെച്ചപ്പെടുത്തൽ 145/19

അടങ്കൽ: 350000 രൂപ

കൺവീനർ : ശ്രീമതി ലീലാമ്മ

കരാർ: 72/AE/18-19/12-18-19

അളവ് പുസ്തകം: 142/18-19, 145/18-19

മൂല്യനിർണ്ണയം: 332261 ( ബിൽ നംപർ 79/18-19/27.3.19)

നികുതി: 16614

കൺവീനർക്ക്: 315647രൂപ

മേൽ പ്രവൃത്തിയിൽ മേൽക്കൂര സ്റ്റീൽ പൈപ്പ് ഉപയോഗിച്ച് നിർമ്മിക്കുന്നതിന് തയ്യാറാക്കിയ എസ്റ്റിമേറ്റിൽ ട്രസ്സ് വർക്കിന് ബാധകമായ നിരക്കാണ് (code 50.10.1), നൽകിയിട്ടുള്ളത്. എന്നാൽ ഇവിടെ സിംഗിൾ സെക്ഷൻ പ്രവൃത്തി മാത്രമാണ് ചെയ്തിട്ടുള്ളത് എന്ന് ഓവർസീയറുടെ സാന്നിധ്യത്തിൽ 2-3-2020 ന് പ്രവൃത്തി സ്ഥലം സന്ദർശിച്ചപ്പോൾ വ്യക്തമായി. ആയത് പ്രകാരം മേൽ ഇനത്തിന് സിംഗിൾ സെക്ഷൻ പ്രവൃത്തിക്ക് ബാധകമായ DSR കോഡ് 50.10.2 ഡാറ്റ അനുസരിച്ചുള്ള നിരക്ക് മാത്രമാണ് നൽകാവുന്നത്. സിംഗിൾ സെക്ഷൻ പ്രവൃത്തിക്കുള്ള ഡാറ്റയിൽ (50.10.2) Steel work for purlin/single section with GI pipes including cutting, hoisting, fixing in position.... എന്നാണ്

പറയുന്നത്. സിംഗിൾ സെക്ഷൻ പ്രവൃത്തിക്കും പർലിനും ഒരേ നിരക്ക് തന്നെയാണ് ഈടാക്കേണ്ടത് എന്ന് ഇതിൽ നിന്ന് വ്യക്തമാണ്. എന്നാൽ മേൽ പ്രവൃത്തിയിൽ ട്രസ്സ് വർക്കിനുള്ള അധിക നിരക്ക് നൽകുകയാണ് ചെയ്തിട്ടുള്ളത്.

അധിക നിരക്ക് നൽകിയതിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഇനം | പ്രവൃത്തി | 50.10.1 പ്രകാരം നൽകിയത്(DSR 2016, CI 40.2%) | 50.10.2 പ്രകാരം നൽകാവുന്നത് | അധികം |
|---|---|---|---|---|
| 12 | മേൽക്കൂര നിർമാണം. റാഫ്റ്റർ ഉപയോഗിച്ച്. | 372.53kg @ 128.49/kg =47866.38 രൂപ | @ 104.63/kg =38977.81 | 8888.56 രൂപ |

അധികനിരക്ക് നൽകിയത് വിശദമാക്കേണ്ടതാണെന്നാവശ്യപ്പെട്ട് നൽകിയ 20/5-3-2020 നംപർ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ അധികം നൽകിയ 8889/-രൂപ കരാറുകാരിൽ നിന്നോ അല്ലാത്ത പക്ഷം ഉത്തരവാദിയായ അസിസ്റ്റന്റ് എഞ്ചിനീയറിൽ നിന്നോ ഈടാക്കേണ്ടതാണ്.

# ഭാഗം -4

# പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം.

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ /തീയതി |
|---|---|---|
| 2018-19 | 19.06.2019 & 20.06.2019 | കെ.എസ്.എ.എം.പി.എം.5/808/2019 തി.22.08.2019 |

## 4-2 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം.

| വിഹിതം നൽകിയ സ്ഥാപനം | ലഭിച്ച തുക | പദ്ധതി പേര്, നമ്പർ | ചെലവഴിച്ച തുക | നീക്കിയിരിപ്പ് |
|---|---|---|---|---|
| നിലമ്പൂർ ബ്ലോക്ക് പഞ്ചായത്ത് | 309856 | ക്ഷീര കർഷകർക്ക് ഉൽപ്പാദന ബോണസ്. | 309811 | 45 |
| നിലമ്പൂർ ബ്ലോക്ക് പഞ്ചായത്ത് | 510000 | നെൽകർഷകർക്ക് ഉൽപ്പാദന ബോണസ്. | 499885 | 10115 |
| നിലമ്പൂർ ബ്ലോക്ക് പഞ്ചായത്ത് | 2285000 | ലൈഫ് പദ്ധതി | 1550000 | 735000 |
| നിലമ്പൂർ ബ്ലോക്ക് | 300000 | ഭിന്നശേഷിക്കാർക്ക് | 272400 | 27600 |

| | | | | |
|---|---|---|---|---|
| പഞ്ചായത്ത് | | സ്കോളർഷിപ്പ്. | | |
| നിലമ്പൂർ ബ്ലോക്ക് പഞ്ചായത്ത് (2017-18) | 54400 | 510000 | 29750 | 24650 |
| ജില്ലാ പഞ്ചായത്ത് | 1843298 | ലൈഫ് പദ്ധതി. | 1517190 | 326108 |
| ജില്ലാ പഞ്ചായത്ത് | 300000 | ഭിന്നശേഷിക്കാർക്ക് സ്കോളർഷിപ്പ്. | 300000 | 0 |
| ജില്ലാ പഞ്ചായത്ത് (2017-18) | 500000 | മുട്ടിയേൽ അംഗൻവാടി നിർമ്മാണം. | 500000 | 0 |

## 4-3 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ.

ഇല്ല.

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്.

ഇല്ല.

## 4-5 വായ്പ/ വായ്പ തിരിച്ചടവ്.

ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പയിനത്തിൽ 10522177 രൂപ വരവുണ്ട്. വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| ക്രമ നം. | വായ്പയുടെ ഉദ്ദേശ്യം | ഉത്തരവ് നം./ തിയ്യതി | വായ്പ തുക | തിരിച്ചടയ്ക്കാനുള്ള മുൻബാക്കി | തൻവർഷം അടച്ചത് | | വർഷാവസാന ബാക്കി |
|---|---|---|---|---|---|---|---|
| | | | | | മുതൽ | പലിശ | |
| 1 | ലൈഫ് ഭവനപദ്ധതി (KURDFC) | ജി.ഒ. (എം.എസ്)നം. 227/LSGD തിയതി 18.08.18 | 10522177 | 0 | 0 | 0 | 10522177 |

## 4-6 സ്ഥിരനിക്ഷേപങ്ങൾ

ഇല്ല.

## 4-7 ഓഡിറ്റ് റിക്കവറി.

ഓഡിറ്റ് റിക്കവറിയിനത്തിൽ ലഭിച്ച 103681/- രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീത് നമ്പർ / തിയ്യതി |
|---|---|---|---|---|
| 2017-18 | 3-4 | 103681 | ശ്രീമതി. ഹസീന.എൻ.കെ, | 118040103903 |

| | | | | |
|---|---|---|---|---|
| | | | അസി.എഞ്ചിനീയർ. | തി.22.03.2019 |

# 4-8 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

ഗ്രാമപഞ്ചായത്തിന്റെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ 1994ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ 23 പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം, ഖണ്ഡിക നം | സമാഹൃത റിപ്പോർട്ട് വർഷം, ഖണ്ഡിക നം | വിഷയം | നിലവിലെ അവസ്ഥ |
|---|---|---|---|
| 2007-08 | 2011-12<br>അനുബന്ധം 9 | മരാമത്ത് വർക്കുകളുടെ അവലോകനം. | -- |

# 4-9 ചാർജ് സർചാർജ് നടപടികളുടെ വിവരം.

എ) ചാർജ്ജ് നടപടി വഴി ഈടാക്കിയ/ഈടാക്കാനവശേഷിക്കുന്ന തുക.

| ക്ര നം | റിപ്പോർട്ട് വർഷം | ഖണ്ഡിക നമ്പർ | ഉദ്യോഗസ്ഥന്റെ പേര്, ഔദ്യോഗിക സ്ഥാനം, ഭരണ വകുപ്പ്. | ചാർജ്ജ് സർട്ടിഫിക്കറ്റ് | | സ്വയം അടവാക്കിയ തുക (രസീത് നമ്പര്, തിയ്യതി) | റവന്യൂ റിക്കവറിയിലൂടെ ഈടാക്കിയ തുക, രസീത് | കോടതി വ്യവഹാരങ്ങളിൽ | | ആകെ ലഭ്യമായ തുക | അവശേഷിക്കുന്ന തുക |
|---|---|---|---|---|---|---|---|---|---|---|---|
| | | | | നമ്പറും തിയ്യതിയും | തുക | | | ഉൾപെട്ട തുക | ഈടാക്കിയ തുക | | |
| | | | ഇല്ല | | | | | | | | |

ബി) സർചാർജ്ജ് നടപടി വഴി ഈടാക്കാനവശേഷിക്കുന്ന തുക.

| ക്ര നം | റിപ്പോർട്ട് വർഷം | ഖണ്ഡിക നമ്പർ | ഉദ്യോഗസ്ഥന്റെ പേര്, ഔദ്യോഗിക സ്ഥാനം, ഭരണ വകുപ്പ്. | സർചാർജ് സർട്ടിഫിക്കറ്റ് | | സ്വയം അടവാക്കിയ തുക (രസീത് നമ്പർ, തിയ്യതി) | റവന്യൂ റിക്കവറിയിലൂടെ ഈടാക്കിയ തുക, രസീത് | ഡിമാന്റിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ | കോടതി വ്യവഹാരങ്ങളിൽ | | ആകെ ലഭ്യമായ തുക | അവശേഷിക്കുന്ന തുക |
|---|---|---|---|---|---|---|---|---|---|---|---|---|
| | | | | നമ്പറും തിയ്യതിയും | തുക | | | | ഉൾപെട്ട തുക | ഈടാക്കിയ തുക | | |
| 1 | 2007-08 | 3-12 | ശ്രീ.രവീന്ദ്രൻ, സെക്രട്ടറി | LF.24328/Spl.Cell/CSC/D1/2012 Dt.15.06.2015 | 262600 | | 0 | ഇല്ല | 0 | 0 | 0 | 262600 |

# 4-10 ഓഡിറ്റ് പ്രത്യവലോകനം.

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 88727693 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 81829880 |
| വരവിനങ്ങളിലുള്ള നഷ്ടം | 0 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 170716 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 1910000 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ്ജ് ചെയ്യാവുന്നവ | സർചാർജ്ജ് ചെയ്യാവുന്നവ | |
| 3-1 | | 11241 | ശ്രീമതി ഹസീന. എൻ.കെ. അസിസ്റ്റന്റ് എഞ്ചിനിയർ |
| | | 3702 | ശ്രീമതി അംബിക.വി.കെ. അസിസ്റ്റന്റ് എഞ്ചിനിയർ |
| 3-2 | | 51814 | ശ്രീമതി ഹസീന. എൻ.കെ. അസിസ്റ്റന്റ് എഞ്ചിനിയർ |
| | | 9053 | ശ്രീമതി ഷംന.എം. അസിസ്റ്റന്റ് എഞ്ചിനിയർ |
| | | 29657 | ശ്രീമതി അംബിക.വി.കെ. അസിസ്റ്റന്റ് എഞ്ചിനിയർ |
| 3-3 | | 6797 | ശ്രീമതി ഹസീന. എൻ.കെ. അസിസ്റ്റന്റ് എഞ്ചിനിയർ |
| 3-4 | | 17500 | ശ്രീമതി ഹസീന. എൻ.കെ. അസിസ്റ്റന്റ് എഞ്ചിനിയർ |
| | | 32063 | ശ്രീ.ഫ്രാൻസിസ്.എ.ഫെർണാണ്ടസ്, അസിസ്റ്റന്റ് എഞ്ചിനിയർ |
| 3-5 | | 8889 | ശ്രീമതി അംബിക.വി.കെ. അസിസ്റ്റന്റ് എഞ്ചിനിയർ. |
| | ആകെ | 170716 | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-17 | 1800000 | ശ്രീ.നിജാഷ്.എ, വി.ഇ.ഒ |
| 1-20 | 110000 | ഡോ. നിഖിൽ റോഷ്.എസ് |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) | സ്ഥിരം മേൽവിലാസം |
|---|---|---|

| | | |
|---|---|---|
| | ഔദ്യോഗിക മേൽവിലാസം | |
| | | |
| ഹസീന.എൻ.കെ, അസി.എഞ്ചിനീയർ | അസി.എഞ്ചിനീയർ, അമരമ്പലം ഗ്രാമപഞ്ചായത്ത്. | താഴെപറമ്പൻ ഹൗസ്, ചന്തക്കുന്ന്.പി.ഒ, നിലമ്പൂർ, മലപ്പുറം – 679329 |
| ഷംന.എം, അസി.എഞ്ചിനീയർ | അസി.എഞ്ചിനീയർ, ചാലിയാർ ഗ്രാമപഞ്ചായത്ത്. | ക്രസന്റ്, കുന്നുകുഴി, വഞ്ചിയൂർ.പി.ഒ, തിരുവനന്തപുരം. |
| അംബിക.വി.കെ, അസി.എഞ്ചിനീയർ | അസി.എഞ്ചിനീയർ, ചാലിയാർ ഗ്രാമപഞ്ചായത്ത്. | വടയാട്ട് ഹൗസ്, സിൽക്ക് നഗർ, പെരിങ്ങണ്ടൂർ.പി.ഒ, തൃശ്ശൂർ – 680581 |
| ഫ്രാൻസിസ്.എ.ഫെർണാണ്ടസ്, അസി.എഞ്ചിനീയർ | അസി.എഞ്ചിനീയർ, എടക്കര ഗ്രാമപഞ്ചായത്ത്. | വലിയവീട്ടിൽ ഹൗസ്, അരുവാക്കോട് റോഡ്, നിലമ്പൂർ.പി.ഒ, മലപ്പുറം – 679329 |

# 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ.

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം. | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം | റിമാർക്സ് |
|---|---|---|---|
| 1994-95, 1995-96 | കെ.എസ്.എ.എം.പി.എം.5/950/2018 തി.21.11.2018 | 2 | |
| 1996-97 | കെ.എസ്.എ.എം.പി.എം.5/981/2018 തി.21.11.2018 | 4 | |
| 1996-97 (ജെ.ആർ.വൈ) | എൽ.എഫ്.എം.13/1239/1999 തി.09.11.1999 | 2 | |
| 1997-98(സ്പെ.റിപ്പോർട്ട്) | എൽ.എഫ്.എം.13/1316/1999(1) തി.05.02.2003 | 113 | |
| 1998-99 | കെ.എസ്.എ.എം.പി.എം.5/950/2018 തി.21.11.2018 | 3 | |
| 1999-00 | കെ.എസ്.എ.എം.പി.എം.5/981/2016 തി.21.11.2018 | 8 | |
| 2000-01 | കെ.എസ്.എ.എം.പി.എം.5/950/2018 തി.21.11.2018 | 20 | |
| 2003-04 | കെ.എസ്.എ.എം.പി.എം.5/1005/2008 തി.14.10.2019 | 1 | |
| 2004-05 | കെ.എസ്.എ.എം.പി.എം.5/23/2009 തി.14.10.2019 | 5 | |
| 2005-06 | കെ.എസ്.എ.എം.പി.എം.5/24/09 | 14 | |

| | | | |
|---|---|---|---|
| | തി.14.10.2019 | | |
| 2006-07 | കെ.എസ്.എ.എം.പി.എം.5/178/2010 തി.14.10.2019 | 7 | |
| 2007-08 | കെ.എസ്.എ.എം.പി.എം.5/61/2012 തി.14.10.2019 | 6 | |
| 2008-09 | കെ.എസ്.എ.എം.പി.എം.5/62/2012 തി.14.10.2019 | 3 | |
| 2009-10<br>2010-11 | കെ.എസ്.എ.എം.പി.എം.5/386/2013 തി.14.10.2019 | 16 | |
| 2011-12<br>2012-13 | കെ.എസ്.എ.എം.പി.എം.5/1601/2014 തി:26.08.2017 | 15 | |
| 2013-14<br>2014-15 | കെ.എസ്.എ.എം.പി.എം.5/1628/2016 തി:24.02.2018 | 15 | |
| 2015-16 | കെ.എസ്.എ.എം.പി.എം.5/3083/2016 തി:06.03.2018 | 11 | |
| 2016-17 | കെ.എസ്.എ.എം.പി.എം.5/1433/2017 തി:01.08.2018 | 14 | |
| 2017-18 | കെ.എസ്.എ.എം.പി.എം.5/1989/2018 തി:08.10.2018 | 15 | |

ഡെപ്യൂട്ടി ഡയറക്ടർ
മലപ്പുറം.

# അനുബന്ധം - 1 ഓഡിറ്റ് സാക്ഷ്യപത്രം

കെ.എസ്.എ.എം.പി.എം.5/808/2020

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം.

പിൻ-676505 ഫോൺ:04832734951

dompm.ksad@kerala.gov.in

തിയ്യതി: 22/08/2019

ഓഡിറ്റ് സാക്ഷ്യപത്രം

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ 215-ാം വകുപ്പും ബന്ധപ്പെട്ട ചട്ടങ്ങളും അനുസരിച്ചും പഞ്ചായത്ത്/ നഗരപാലിക സ്ഥാപനങ്ങളുടെ കണക്കുകളുടെ സാക്ഷ്യപ്പെടുത്തലിനായി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ പുറപ്പെടുവിച്ചിട്ടുള്ള മാർഗ്ഗനിർദ്ദേശങ്ങൾ അവലംബിച്ചും മലപ്പുറം ജില്ലയിലെ ചാലിയാർ ഗ്രാമപഞ്ചായത്തിന്റെ 31.03.2019 – ൽ അവസാനിച്ച വർഷത്തെ വാർഷിക ധനകാര്യസ്റ്റേറ്റ്മെന്റിന്റെ പരിശോധന നിർവ്വഹിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഈ സാക്ഷ്യപത്രത്തിന്റെ അനുബന്ധമായി കൊടുത്തിട്ടുള്ള ന്യൂനതകൾ ഒഴികെ എന്റെ അഭിപ്രായത്തിൽ ചാലിയാർ ഗ്രാമപഞ്ചായത്തിന്റെ 2018-19 വർഷത്തെ ധനകാര്യസ്റ്റേറ്റ്മെന്റ് വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ

ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം.